സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ഓഗസ്റ്റ് 31 വ്യാഴം ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

സഹോദരിമാരായ മൂന്നുപേർ കുളത്തിൽ മുങ്ങിമരിച്ചു

മണ്ണാർക്കാട്: വീടിനുസമീപത്തെ കുളം കാണാനായിപ്പോയ സഹോദരിമാരായ മൂന്നുപേർ മുങ്ങിമരിച്ചു. കോട്ടോപ്പാടം ഭീമനാട് അക്കരവീട്ടിൽ റഷീദ്-അസ്മ ദമ്പതിമാരുടെ മക്കളായ നിഷീദ അസ്ന (26), റമീഷ ഷഹനാസ് (23), റിഷാന അൽതാജ് (18) എന്നിവരാണ് മരിച്ചത്. ബുധനാഴ്ച ഉച്ചയ്ക്ക് ഒന്നരയോടെ പത്തങ്ങത്തുള്ള പെരുങ്കുളത്തിലായിരുന്നു അപകടം. നിഷീദയും റമീഷയും ഭർത്തൃവീടുകളിൽ നിന്ന് കഴിഞ്ഞദിവസമാണ് സ്വന്തം വീട്ടിലേക്കെത്തിയത്. ചെറിയകുട്ടികൾ രണ്ടുപേർ പെരുങ്കുളം കാണണമെന്ന് ആവശ്യപ്പെട്ടപ്പോൾ തുണി അലക്കുന്നതിനുംകൂടിയായി എല്ലാവരും കുട്ടികൾക്കൊപ്പം കുളത്തിലെത്തുകയായിരുന്നെന്ന് ബന്ധുക്കൾ പറഞ്ഞു. കുളത്തിലിറങ്ങുന്നതിനിടെ, അബദ്ധത്തിൽ റിഷാന വെള്ളത്തിൽ വീണു. രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ മറ്റുസഹോദരിമാരും കുളത്തിൽ അകപ്പെടുകയായിരുന്നു. ഭയന്നുനിലവിളിച്ച നിഷീദയുടെ കുട്ടി റബ്ബർത്തോട്ടത്തിൽ തൊഴിലാളികൾക്കൊപ്പമുണ്ടായിരുന്ന റഷീദിനെ വിവരമറിയിച്ചു. ഇദ്ദേഹം ഓടിയെത്തി കുളത്തിലിറങ്ങിയെങ്കിലും അപകടം കണ്ട് ഒന്നുംചെയ്യാനാവാത്ത അവസ്ഥയിലായി. ഇതിനിടെ, മാതാവ് അസ്മയും സ്ഥലത്തെത്തി.

ഇവരുടെ നിലവിളി കേട്ട് സമീപവാസികളും തോട്ടത്തിലുണ്ടായിരുന്ന തൊഴിലാളികളും അതിഥി തൊഴിലാളികളും ഓടിയെത്തി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുകയായിരുന്നു. അഗ്നിരക്ഷാസേനയും സ്ഥലത്തെത്തി.മൂവരെയും വട്ടമ്പലത്തെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സ്ഥിരീകരിച്ചു. അപകട വിവരമറിഞ്ഞ് പി.കെ. കുഞ്ഞാലിക്കുട്ടി എം.എൽ.എ., എൻ. ഷംസുദ്ദീൻ എം.എൽ.എ., മണ്ണാർക്കാട് നഗരസഭാ ചെയർമാൻ സി. മുഹമ്മദ് ബഷീർ, കോട്ടോപ്പാടം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് അക്കര ജസീന, അട്ടപ്പാടി തഹസിൽദാർ ഷാനവാസ് ഖാൻ എന്നിവരും നാട്ടുകാരും ആശുപത്രിയിലെത്തിയിരുന്നു.

നാട്ടുകൽ പോലിസ് ഇൻക്വസ്റ്റ് നടത്തി. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി പാലക്കാട് ജില്ലാ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.റഷീഖ അൽമാസ്, ഷമ്മാസ് അഷീഖ് എന്നിവർ മരിച്ചവരുടെ സഹോദരങ്ങളാണ്. നിഷീദയുടെ ഭർത്താവ് ഷാഫി. മക്കൾ: മുഹമ്മദ് ഷഹ്സാദ്, ഫാത്തിമ അസ്‌ലഹ. റമീഷയുടെ ഭർത്താവ് അബ്ദുൾ റഹ്മാൻ.വ്യാഴാഴ്ച പോസ്റ്റുമോർട്ടത്തിനുശേഷം മൃതദേഹങ്ങൾ ഭീമനാട്ടെ കുടുംബവീട്ടിൽ പൊതുദർശനത്തിനു വെക്കും.

നിഷീദയുടെ മൃതദേഹം ഭർത്തൃഗൃഹമായ നാട്ടുകല്ലിൽ എത്തിച്ചശേഷം പാറമേൽ ജുമാമസ്ജിദിലും റമീഷയുടെയും റിഷാനയുടെയും മൃതദേഹം കോട്ടോപ്പാടം ജുമാമസ്ജിദിലും കബറടക്കും.

ഓണം തകർത്തു, തിമർത്തു; ബവ്കോ വിറ്റത് 759 കോടിയുടെ മദ്യം

ഓണക്കാലത്ത് റെക്കോർഡ് മദ്യവിൽപ്പനയുമായി ബവ്കോ. ഈ മാസം 21മുതൽ 30 വരെയുള്ള കാലയളവിൽ 759 കോടിയുടെ മദ്യം വിറ്റു. സർക്കാരിന് 675 കോടി നികുതിയായി ലഭിക്കും. കഴിഞ്ഞ വർഷം ഓണവിൽപ്പന 700 കോടിയായിരുന്നു. എട്ടര ശതമാനം അധിക വർധനയാണ് ഇത്തവണ രേഖപ്പെടുതതിയത്. ഉത്രാട ദിനത്തിലായിരുന്നു ഏറ്റവും കൂടുതൽ വിൽപ്പന. 6 ലക്ഷം പേർ ഉത്രാട ദിവസം ബെവ്ക്കോ ഔട്ട് ലെറ്റിലെത്തി. ഉത്രാട ദിവസത്തെ മാത്രം വിൽപ്പന 121 കോടിയാണ്. ആഗസ്റ്റ് മാസത്തിൽ 1799 കോടിയുടെ മദ്യം വിറ്റു. 2022 ആഗസ്റ്റിൽ 1522 കോടി മദ്യമാണ് വിറ്റത്. ഏറ്റവും കൂടുതൽ വിറ്റത് ജവാൻ റമ്മാണ്. 7000ഛ കെയ്സ് ജവാൻ റം വിറ്റു. ഏറ്റവും കൂടുതൽ വിൽപന തിരൂർ ഔട്ട് ലെറ്റിലാണ്. രണ്ടാം സ്ഥാനത്ത് ഇരിങ്ങാലക്കുടയാണ്.ഓണക്കാലത്ത് മദ്യക്കച്ചവടം പൊടിപൊടിക്കാൻ നിർദ്ദേശങ്ങൾ ബവ്കോ നൽകിയിരുന്നു. ജനപ്രിയ ബ്രാൻറുകൾ ആവശ്യത്തിന് സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പാക്കുന്നതിന് ഒപ്പം ബ്രാൻറ് നിർബന്ധം ഇല്ലാത്തവർത്ത് ജവാൻ തന്നെ നൽകണമെന്നും എംഡി പ്രത്യേകം നിർദ്ദേശിച്ചിരുന്നു. നിർദ്ദേശങ്ങൾ ലംഘിച്ച് നഷ്ടം വരുത്തുന്ന ജീവനക്കാർക്ക് ബോണസ് അടക്കം ആനുകൂല്യങ്ങളുണ്ടാകില്ലെന്നും മുന്നറിയിപ്പ് നൽകിയിരുന്നു.

കള്ളപ്പണക്കേസ്: അറസ്റ്റിലായ ഉദ്യോഗസ്ഥനിൽ നിന്ന് നവ്യ നായർ സമ്മാനം സ്വീകരിച്ചെന്ന് ഇഡി

മുംബൈ നമ കള്ളപ്പണക്കേസിൽ അറസ്റ്റിലായ ഇന്ത്യൻ റവന്യൂ സർവീസ് (ഐആർഎസ്) ഉദ്യോഗസ്ഥൻ സച്ചിൻ സാവന്തിൽ നിന്ന് നടി നവ്യ നായർ ആഭരണങ്ങൾ കൈപ്പറ്റിയതായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇഡി) കണ്ടെത്തൽ. തങ്ങൾ സുഹൃത്തുക്കളായിരുന്നെന്നും സൗഹൃദത്തിന്റെ പേരിൽ നൽകിയ സമ്മാനങ്ങൾ സ്വീകരിച്ചതല്ലാതെ മറ്റൊന്നിലും പങ്കാളിയല്ലെന്നുമാണ് നവ്യ നായർ ഇഡിക്ക് നൽകിയ മൊഴി. നവ്യയെ കൊച്ചിയിൽ സച്ചിൻ സന്ദർശിച്ചിട്ടുണ്ടെന്നും കഴിഞ്ഞ ദിവസം ഇഡി സമർപ്പിച്ച കുറ്റപത്രത്തിലുണ്ട്. ലക്നൗവിൽ കസ്റ്റംസ് അഡിഷനൽ കമ്മിഷണർ ആയിരിക്കെ കള്ളപ്പണക്കേസിൽ ജൂണിലാണ് സച്ചിൻ സാവന്തിനെ ഇഡി അറസ്റ്റ് ചെയ്തത്. അതിനു മുൻപ് മുംബൈയിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിൽ ഡപ്യൂട്ടി ഡയറക്ടർ ആയിരിക്കെ സച്ചിൻ സാവന്ത് വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചെന്ന കണ്ടെത്തലിനെത്തുടർന്നാണിത്. ബെനാമി സ്വത്തും ഇദ്ദേഹത്തിനു പങ്കാളിത്തമുള്ള സ്ഥാപനങ്ങളും അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. കൃത്യമായ സ്രോതസ്സ് കാണിക്കാതെ 1.25 കോടി രൂപയുടെ ബാങ്ക് നിക്ഷേപവും ഉണ്ടെന്നാണ് ഇഡിയുടെ ആരോപണം. വാട്സാപ് ചാറ്റ് കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിനിടെയാണ് നവ്യ നായരുമായുള്ള സൗഹൃദം അന്വേഷണ ഏജൻസി കണ്ടെത്തിയത്. ഐആർഎസ് ഉദ്യോഗസ്ഥൻ സച്ചിൻ സാവന്തിനെ ഒരേ റസിഡൻഷ്യൽ സൊസൈറ്റിയിലെ താമസക്കാർ എന്ന നിലയിൽ പരിചയമുണ്ടെന്നു നടി നവ്യ നായരുടെ കുടുംബം പറഞ്ഞു. ഗുരുവായൂർ ക്ഷേത്രം സന്ദർശിക്കുന്നതിനായി അദ്ദേഹത്തിനു പലവട്ടം സൗകര്യം ചെയ്തു കൊടുത്തിട്ടുണ്ട്. നവ്യയുടെ മകന്റെ ജന്മദിനത്തിനു സച്ചിൻ സമ്മാനം നൽകിയിട്ടുണ്ട്. എന്നാൽ, നവ്യയ്ക്ക് ഉപഹാരങ്ങളൊന്നും നൽകിയിട്ടില്ല. ഇക്കാര്യങ്ങളെല്ലാം ഇഡിയെ അറിയിച്ചിട്ടുണ്ടെന്നും കുടുംബം പറഞ്ഞു.

സാമൂഹ്യനീതി തുല്യമായി കൈവന്നിട്ടില്ല, സെക്രട്ടറിയേറ്റ് തമ്പുരാൻ കോട്ടയായി തുടരുന്നു; സ്വാമി സച്ചിദാനന്ദ

തിരുവനന്തപുരം: സംസ്ഥാനത്ത് സാമൂഹ്യനീതി തുല്യമായി കൈവന്നിട്ടില്ലെന്ന് ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ. സെക്രട്ടറിയേറ്റ് തമ്പുരാൻ കോട്ടയായി തുടരുന്നു എന്നും അദ്ദേഹം വിമർശിച്ചു. ശിവഗിരിയിൽ പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ.മുഹമ്മദ് റിയാസിനെ വേദിയിലിരുത്തിയായിരുന്നു സ്വാമി സച്ചിദാനന്ദയുടെ വിമർശനം.

ശ്രീനാരായണഗുരു ആഗ്രഹിച്ചിരുന്നത് ക്ഷേത്രത്തിൽ എല്ലാവർക്കും തൊഴാനുള്ള അവകാശം മാത്രമായിരുന്നില്ല. എല്ലാവർക്കും പൂജയ്ക്ക് കാർമികത്വം വഹിക്കാനും ക്ഷേത്രത്തിന്റെ ഭരണം നടത്താനുമുള്ള അവകാശം കൂടി ആയിരുന്നു. എന്നാൽ ഇപ്പോഴും അതിൽ മാറ്റം വന്നിട്ടില്ല. ശബരിമല, ചോറ്റാനിക്കര, ഗുരുവായൂർ അടക്കമുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലേക്ക് പൂജാരിമാരെ ക്ഷണിക്കുമ്പോൾ അവിടെയ്ക്ക് ബ്രാഹ്മണർക്ക് മാത്രമാണ് അനുവാദം നൽകുന്നത് അദ്ദേഹം പറഞ്ഞു. എൽ.ഡി.എഫ് ആയാലും യു.ഡി.എഫ് ആയാലും ഈ കാര്യത്തിൽ വ്യത്യാസമില്ലെന്നും സ്വാമി സച്ചിദാനന്ദ കൂട്ടിച്ചേർത്തു.

ഷെൽ കമ്പനികൾ രഹസ്യനിക്ഷേപം നടത്തി

അദാനി ഗ്രൂപ്പിനെതിരെ വീണ്ടും ഗുരുതര ആരോപണങ്ങൾ

ന്യൂഡൽഹി: അദാനി ഗ്രൂപ്പ് ഓഹരികളിൽ അദാനി കുടുംബം തന്നെ ഷെൽ കമ്പനികൾ വഴി രഹസ്യനിക്ഷേപം നടത്തിയതായി രേഖകൾ.

ഓഹരിമൂല്യം പെരുപ്പിച്ചു കാട്ടി വിപണിയിൽ കൃത്രിമം നടത്താനാണ് നിക്ഷേപം ഉപയോഗിച്ചതെന്ന് ഓർഗനൈസ്ഡ് ക്രൈം ആന്റ് കറപ്ഷൻ റിപ്പോർട്ടിങ് പ്രൊജക്ട് (ഒസിസിആർപി) പുറത്തുവിട്ട രേഖ പറയുന്നു. അന്താരാഷ്ട്ര മാധ്യമങ്ങളായ ദ ഗാർഡിയനും ഫൈനാൻഷ്യൻ ടൈംസുമാണ് രേഖകൾ ഉദ്ധരിച്ച് വാർത്ത പുറത്തുവിട്ടത്.

അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയുടെ മൂത്ത സഹോദരൻ വിനോദ് അദാനിയുമായി അടുത്ത ബന്ധമുള്ള യുഎഇ പൗരൻ നാസർ അലി ഷബാൻ അഹ്‌ലിയുടെയും തായ്‌വാനി പൗരൻ ചാങ് ചുങ് ലിങിന്റെയും കമ്പനികളാണ് അദാനി ഗ്രൂപ്പ് ഓഹരികൾ കൈവശപ്പെടുത്തിയത്.

ഫ്ളാഗ്ഷിപ്പ് കമ്പനിയായ അദാനി എന്റർപ്രൈസസ്, അദാനി പവർ, അദാനി പോർട്, അദാനി ട്രാൻസ്മിഷൻ എന്നീ നാലു ലിസ്റ്റഡ് കമ്പനികളുടെ 13 ശതമാനം ഫ്രീ ഫ്ളോട്ട് ഓഹരികളാണ് (പൊതുവ്യാപാര ഓഹരികൾ) ഇവർ രഹസ്യമായി നിയന്ത്രിച്ചത്.ചാങ്ങിന്റെ ഉടമസ്ഥതയിലുള്ള ലിൻഗോ ഇൻവസ്റ്റ്മെന്റ് ലിമിറ്റഡ്, അഹ്‌ലിയുടെ ഉടമസ്ഥതയിലുള്ള ഗൾഫ് അരിജ് ട്രേഡിങ് എഫ്ഇസഡ്ഇ, മിഡ് ഈസ്റ്റ് ഓഷ്യൻ ട്രേഡ് (മൗറീഷ്യസ്), അഹ്‌ലിയുടെ നിയന്ത്രണത്തിലുള്ള ഗൾഫ് ഏഷ്യ ട്രേഡ് ആന്റ് ഇൻവസ്റ്റ്മെന്റ് ലിമിറ്റഡ് എന്നീ കമ്പനികൾ 430 ദശലക്ഷം യുഎസ് ഡോളറാണ് അദാനി ഗ്രൂപ്പിൽ നിക്ഷേപിച്ചത്. ഇവ ഷെൽ കമ്പനികളാണ് എന്നാണ് ആരോപണം.

അദാനി ഗ്രൂപ്പ് ഓഹരികളിൽ കൃത്രിമം നടക്കുന്നതായി 2014ൽ വിപണി നിയന്ത്രണ അതോറിറ്റിയായ സെബി മുന്നറിയിപ്പ് നൽകിയിരുന്നെന്ന് റിപ്പോർട്ടിൽ പറയുന്നു. എന്നാൽ വിഷയത്തിൽ കൃത്യമായ അന്വേഷണമുണ്ടായില്ല. ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യുന്ന കമ്പനികളുടെ 25 ശതമാനം ഓഹരികൾ ഫ്രീ ഫ്ളോട്ട് ആക്കി വയ്ക്കണം എന്നാണ് ചട്ടം. സ്വന്തം കമ്പനിയിലെ ഓഹരികൾ 75 ശതമാനത്തിൽ മുകളിൽ വാങ്ങുന്നത് നിയമപരമല്ലെന്നു മാത്രമല്ല, വിലയിൽ കൃത്രിമം കാട്ടുന്നത് കൂടിയാണെന്ന് മാർക്കറ്റ് സ്പെഷ്യലിസ്റ്റായ അരുൺ അഗർവാൾ പറയുന്നു. 'ഇതുവഴിയാണ് കമ്പനികൾ കൃത്രിമ ദൗർലഭ്യം സൃഷ്ടിക്കുന്നത്. ഇതുവഴി ഓഹരി മൂല്യം ഉയരുന്നു. അതുകൊണ്ടു തന്നെ ഇത് കൃത്രിമമായ വിപണി മൂലധന നിർമാണമാണ്.

സ്വന്തം പ്രതിച്ഛായ നന്നാക്കി വായ്പ തരപ്പെടുത്താനും കമ്പനിയുടെ മൂല്യം പെരുപ്പിച്ചു കാട്ടാനും ഇതു സഹായിക്കും.' - അദ്ദേഹം കൂട്ടിച്ചേർത്തു.2013 സെപ്തംബറിൽ എട്ടു ബില്യൺ യുഎസ് ഡോളറിന്റെ വിപണി മൂല്യം മാത്രമുണ്ടായിരുന്ന അദാനി ഗ്രൂപ്പിന്റെ വളർച്ച, നരേന്ദ്രമോദി അധികാരത്തിലെത്തിയ ശേഷം അത്ഭുതാവഹമായിരുന്നു. കഴിഞ്ഞ വർഷം 260 ബില്യൺ യുഎസ് ഡോളറാണ് അദാനിയുടെ വിപണിമൂല്യം. ട്രാൻസ്പോട്ടേഷൻ, ലോജിസ്റ്റിക്സ്, പ്രകൃതിവാതകം, കൽക്കരി, ഊർജം, അടിസ്ഥാന സൗകര്യം, റിയൽ എസ്റ്റേറ്റ് തുടങ്ങി ബഹുമുഖ മേഖലയിൽ നിക്ഷേപമുള്ള അദാനി മോദിയോട് ഏറെ അടുപ്പം സൂക്ഷിക്കുന്ന വ്യവസായിയാണ്. ജനുവരിയിൽ ന്യൂയോർക്ക് ആസ്ഥാനമായ ഷോർട് സെല്ലർ ഹിൻഡൻബർഗ് റിസർച്ച് അദാനിക്കെതിരെ പുറത്തുവിട്ട റിപ്പോർട്ട് വലിയ വിസ്ഫോടനമാണ് ഇന്ത്യൻ വിപണിയിൽ ഉണ്ടാക്കിയത്. ഓഹരി മൂല്യം പെരുപ്പിച്ചുകാട്ടിയാണ് അദാനി കമ്പനികളുടെ വിനിമയം നടക്കുന്നത് എന്നായിരുന്നു റിപ്പോർട്ടിന്റെ ആകെത്തുക. എന്നാൽ ആരോപണങ്ങളെല്ലാം അദാനി ഗ്രൂപ്പ് നിഷേധിച്ചിരുന്നു.

ഇന്ത്യയ്ക്കെതിരെ നടക്കുന്ന വ്യവസ്ഥാപിതമായ ആക്രമണം എന്നാണ് അദാനി റിപ്പോർട്ടിനെ വിശേഷിപ്പിച്ചിരുന്നത്.

ജമ്മു കശ്മീരിനെ കേന്ദ്ര ഭരണ പ്രദേശമാക്കിയത് താത്കാലികം

സംസ്ഥാന പദവി തിരിച്ചു നൽകും; സമയക്രമം പറയാനാവില്ലെന്നും കേന്ദ്രം സുപ്രിം കോടതിയിൽ

ന്യൂഡൽഹി: ജമ്മു കശ്മീരിനെ കേന്ദ്ര ഭരണ പ്രദേശമാക്കിയത് താത്കാലികമായാണെന്ന് കേന്ദ്ര സർക്കാർ സുപ്രിംകോടതിയിൽ. കശ്മീർ വിഭജന കേസ് പരിഗണിക്കവെ സോളിസിറ്റർ ജനറൽ തുഷാർ മേത്തയാണ് കേന്ദ്രനിലപാട് വ്യക്തമാക്കിയത്. ജമ്മു കശ്മീരിന് സംസ്ഥാന പദവി തിരികെ നൽകുമെന്ന നിലപാടും കേന്ദ്രസർക്കാർ സുപ്രിം കോടതിയെ അറിയിച്ചു. അതേസമയം, ജമ്മു കശ്മീരിന് സംസ്ഥാനപദവി തിരിച്ചു നൽകുന്നതിൽ സമയക്രമം പറയാൻ കഴിയില്ലെന്ന് കേന്ദ്രസർക്കാരിന് വേണ്ടി ഹാജരായ കോടതിയിൽ ഹാജരായ സോളിസിറ്റർ ജനറൽ വ്യക്തമാക്കി. ചീഫ്ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ഭരണ ഘടന ബെഞ്ച് ആണ് ഹരജി പരിഗണിക്കുന്നത്.ജമ്മു കശ്മീരിൽ എപ്പോൾ വേണമെങ്കിലും തെരഞ്ഞെടുപ്പിന് തയാറെന്നും കേന്ദ്രസർക്കാർ സുപ്രിം കോടതിയിൽ അറിയിച്ചു. തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചാൽ സർക്കാറും തെരഞ്ഞെടുപ്പിന് തയ്യാറാണ്. വോട്ടർ പട്ടിക പുതുക്കൽ ഏറെക്കുറെ പൂർത്തിയായതായി അറിയിച്ച കേന്ദ്രം അവശേഷിക്കുന്ന നടപടിക്രമങ്ങളുമായി തെരഞ്ഞെടുപ്പ് കമ്മിഷൻ മുന്നോട്ടു പോകുകയാണെന്നും വ്യക്തമാക്കി. ആദ്യം നടത്തുക പഞ്ചായത്ത് തിരഞ്ഞെടുപ്പാണെന്നും കേന്ദ്രം കോടതിയെ അറിയിച്ചു.

മണിപ്പുരിൽ വെടിവയ്പ് തുടരുന്നു; 3 പേർ കൊല്ലപ്പെട്ടു

ഇംഫാൽ: മണിപ്പുരിനെ അശാന്തമാക്കി വെടിവയ്പ്പ് തുടരുന്നു. കഴിഞ്ഞ ദിവസം വെടിവെയ്പ്പിൽ പുരുക്കേറ്റ 3 പേർ കൊല്ലപ്പെട്ടു. ബുധനാഴ്ച നെൽപ്പാടത്ത് പണിക്കെത്തിയ കർഷകർക്കുനേരെയായിരുന്നു വെടിവയ്പ്പ്. ഇതിൽ 2 പേർ കൊല്ലപ്പെടുകയും 7 പേർക്ക് പരുക്കേൽക്കുകയുമായിരുന്നു. 2 ജവാൻമാർക്കും 5 കർഷകർക്കുമാണ് പരുക്കേറ്റത്. ഇവരിൽ 3 പേരാണ് വ്യാഴാഴ്ച മരിച്ചത്. കുക്കികൾക്ക് സ്വാധീനമുള്ള ചുരചന്ദ്പുർ, മെയ്തെയ് വിഭാഗത്തിനു സ്വാധീനമുള്ള ബിഷ്ണുപുർ ജില്ലകളുടെ അതിർത്തി മേഖലയിലായിരുന്നു വെടിവയ്പ്പ്. ഈ മേഖലയിൽ കഴിഞ്ഞ രണ്ടു ദിവസമായാണ് വെടിവെയ്പ്പ് തുടരുന്നത്. അതിനിടെ മണിപ്പുരിൽ ആയുധങ്ങൾ തിരിച്ചുപിടിക്കുന്നതിനുള്ള പരിശോധനകൾ പൊലീസും സൈന്യവും ശക്തമാക്കിയിട്ടുണ്ട്. കഴിഞ്ഞ ദിവസം നിരവധി ആയുധങ്ങൾ ഉപേക്ഷിച്ച നിലയിൽ പൊലീസ് കണ്ടെത്തിയിരുന്നു.

ദക്ഷിണാഫ്രിക്കയിൽ അഞ്ചുനില കെട്ടിടത്തിന് തീപിടിച്ച് 63 പേർ മരിച്ചു. ജൊഹാന്നസ്ബർഗിലെ സെൻട്രൽ ബിസിനസ് ഡിസ്ട്രിക്ടിൽ വ്യാഴാഴ്ച പുലർച്ചെ ഒന്നരയോടെയുണ്ടായ തീപിടിത്തത്തിൽ 43 പേർക്കു പരുക്കേറ്റു. മരിച്ചവരിൽ ഒരു കുട്ടിയും ഉൾപ്പെടുന്നു. തീ അണച്ചെങ്കിലും ഇപ്പോഴും പുക ഉയരുന്നുണ്ട്. മരണസംഖ്യ ഇനിയും ഉയർന്നേക്കാമെന്നാണ് റിപ്പോർട്ടുകൾ.

മുഖ്യമന്ത്രിക്കായി ഹെലികോപ്റ്റർ വാടകക്കെടുക്കുന്നു; 80 ലക്ഷം രൂപയ്ക്ക് സ്വകാര്യ കമ്പനിയുമായി കരാർ

സാമ്പത്തിക പ്രതിസന്ധികൾക്കിടയിൽ മുഖ്യമന്ത്രി പിണറായി വിജയനായി ഹെലികോപ്റ്റർ വാടകക്കെടുക്കുന്നു. സ്വകാര്യ കമ്പനിയുമായി കരാറിലേർപ്പെടാനായി തീരുമാനത്തിൻ അന്തിമ അംഗീകരമായി. 80 ലക്ഷം രൂപയ്ക്കാണ് ഹെലികോപ്റ്റർ വാടകയ്ക്കെടുക്കുന്നത്. കഴിഞ്ഞ മാർച്ചിലെ മന്ത്രിസഭാ തീരുമാനമനുസരിച്ചാണ് ആഭ്യന്തര വകുപ്പ് അന്തിമ കരാറിലെത്തുന്നത്. ഡൽഹി ആസ്ഥാനമായി പ്രവർത്തക്കുന്ന സ്വകാര്യ കമ്പനിക്കാണ് കരാർ. മാസം 20 മണിക്കൂർ പറക്കാൻ 80 ലക്ഷം രൂപയാണ് വാടക. ഇതിൽ കൂടുതൽ പറന്നാൽ മണിക്കൂറിന് 90,000 രൂപ അധികം നൽകുകയും ചെയ്യണം. പൈലറ്റ് ഉൾപ്പെടെ 11 പേർക്ക് യാത്ര ചെയ്യാൻ കഴിയുന്നതാണ് ഹെലികോപ്റ്റർ. മാവോയിസ്റ്റ് നിരീക്ഷണം, ദുരന്തമേഖലയിലെ പ്രവർത്തനം എന്നിങ്ങനെയുള്ള പൊലീസിന്റെ പ്രവർത്തനങ്ങൾക്കായാണ് ഹെലികോപ്റ്റർ എത്തിക്കുന്നതെന്നാണ് വിശദീകരണം. എന്നാൽ സർക്കാരിന്റെ നീക്കം വലിയ ദുർത്താണെന്ന് പ്രതിപക്ഷം വിമർശിച്ചു.കോവിഡ് പ്രതിസന്ധിക്കിടെ 2020ലാണ് ആദ്യമായി സർക്കാർ ഹെലികോപ്റ്റർ വാടകക്കെടുത്തത്. രൂക്ഷ വിമർശനം ഉയർന്നതോടെ ഒരു വർഷം കഴിഞ്ഞപ്പോൾ കരാർ അവസാനിപ്പിച്ചിരുന്നു. ഇപ്പോൾ രണ്ടര വർഷത്തിന് ശേഷം വീണ്ടും ഹെലികോപ്റ്റർ തിരിച്ചെത്തിക്കാനാണ് സംസ്ഥാന സർക്കാരിന്റെ നീക്കം.

കുട്ടികളുടെ കളിചിരികൾ മുഴങ്ങിക്കേട്ട വീട് നിശ്ശബ്ദമായി, നിലവിളികളായി; ആശ്വസിപ്പിക്കാനാകാതെ ഒരുനാട്

മഞ്ഞാർക്കാട്: സഹോദരിമാരായ മൂന്നുപേർ കുളത്തിൽ മുങ്ങിമരിച്ച വാർത്തയറിഞ്ഞ് അക്കരവീടും കോട്ടോപ്പാടവും വിറങ്ങലിച്ചു. ആദ്യമുയർന്ന നിലവിളികൾ പതിയെ തേങ്ങലുകളായി. മൂകമായ പ്രാർഥനകളും ബന്ധുക്കളുടെ ആശ്വാസവാക്കുകളും നിറഞ്ഞതായി ആ വീട്.മൂന്ന് പെൺമക്കളുടെയും ജീവൻ പെരുങ്കുളം കവർന്നതിന്റെ ആഘാതത്തിൽനിന്ന് മുക്തനാവാതെ തലയും താഴ്ത്തിയിരിക്കുന്ന പിതാവ് റഷീദിന്റെ നൊമ്പരം കണ്ടുനിന്നവരിലും കണ്ണീർപടർത്തി. അകത്തെ മുറിയിൽ നിന്ന് ഉമ്മ അസ്മ കരഞ്ഞുതളർന്നു. അഞ്ചുമക്കളാണ് ഈ ദമ്പതിമാർക്ക്. വിവാഹിതരായ മൂന്ന് മക്കളിലെ നിഷീദ നാട്ടുകല്ലിൽ നിന്നും റമീഷ കണ്ടമംഗലത്തുനിന്നും കഴിഞ്ഞദിവസ മാണ് വീട്ടിലേക്കെത്തിയത്. കുട്ടികളുടെ കളികളും ചിരികളുമായി സന്തോഷകരമായ നിമിഷ ങ്ങളായിരുന്നു ബുധനാഴ്ച ഉച്ചവരെ ഉണ്ടായിരുന്നത്.വീട്ടിൽനിന്ന് കുറച്ചുമാറിയാണ് അപകടംനടന്ന പെരുങ്കുളം. ഒരേക്കർ വിസ്തൃതിയുള്ള ഈ കുളം തോട്ടങ്ങൾക്കരികിലാണ്. കുട്ടികൾ കുളം കാണണമെന്ന ആഗ്രഹം പറഞ്ഞപ്പോഴാണ് മൂവരും ചേർന്ന് കുട്ടികളുമായി പോയത്. ഇളയമകൾ റിഷാന പടവിൽനിന്ന് അബദ്ധത്തിൽ താഴേക്ക് വീണതായാണ് പറയുന്നത്. റിഷാനയെ രക്ഷിക്കാനുള്ള ശ്രമത്തിനിടെയാണ് സഹോദരിമാരും വെള്ളത്തിലകപ്പെട്ടത്. സംഭവം കണ്ട് ഭയന്ന് കരയിൽ നിൽക്കുകയായിരുന്ന കുട്ടികൾ കരഞ്ഞു നിലവിളിച്ചതോടെയാണ് അപകടം നാട്ടുകാർ അറിയുന്നത്. റഷീദും അസ്മയും ഈസമയം കുളത്തിലേക്കുള്ള വഴിയിലൂടെ വരുന്നുണ്ടായിരുന്നു. എല്ലാവരും കൂടി നിലവിളിച്ചതോടെ കുറച്ചകലെ കോഴിഫാം നടത്തുന്ന കണക്കഞ്ചേരി സ്വദേശി ഉമ്മർ, അതിഥി തൊഴിലാളി ജിത്തു എന്നിവർ കുളത്തിലേക്ക് എടുത്തു ചാടി. അപ്പോഴേക്കും കുറച്ചുപേർകൂടി ഓടിയെത്തി രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായി. തുടർന്ന് മൂവരെയും കരയെത്തിച്ചു.

നാട്ടുകാർ വിളിച്ചതുപ്രകാരം ഡ്രൈവർ അനിസ് ആംബുലൻസുമായി എത്തി. തുടർന്ന് മൂവരെയും വാഹനത്തിൽ കയറ്റി നാട്ടുകാർ വട്ടമ്പലത്തെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. വിവരമറിഞ്ഞ് അക്കരവീട്ടിലേക്ക് ബന്ധുക്കളും നാട്ടുകാരുമായി നിരവധിപേർ എത്തി.

ഞങ്ങളുടെ സ്വത്ത് വിവരം മാത്യു കുഴൽനാടനെ ബോധ്യപ്പെടുത്തേണ്ടതില്ല: സിപിഎം ഇടുക്കി ജില്ലാ സെക്രട്ടറി

ഇടുക്കി: തങ്ങളുടെ സ്വത്ത് വിവരങ്ങൾ കോൺഗ്രസ് നേതാവ് മാത്യു കുഴൽനാടനെ ബോധ്യപ്പെടുത്തേണ്ട ആവശ്യമില്ലെന്ന് സിപിഎം ഇടുക്കി ജില്ലാ സെക്രട്ടറി സിവി വർഗീസ്. സിപിഎം ഈ കാര്യത്തിൽ വ്യക്തതയും കൃത്യതയുമുള്ള പാർട്ടിയാണ്. നേതാക്കളും നേതാക്കളുടെ കുടുംബങ്ങളും പാർട്ടിയുടെ അച്ചടക്കം നോക്കി പ്രവർത്തിക്കുന്നവരാണ്. സിപിഎമ്മിനെ നന്നാക്കാൻ കുഴൽനാടൻ ശ്രമിക്കേണ്ട. സിപിഎം നേതാക്കളുടെ ജീവചരിത്രം നോക്കാൻ ഒന്നും മാത്യു കുഴൽനാടനെ ആരും ചുമതലപ്പെടുത്തിയിട്ടില്ല. മാത്യു കുഴൽനാടനെ പോലെ കാണുന്ന വഴിക്കെല്ലാം കൈയിട്ട് വാരി സ്വത്ത് സമ്പാദിക്കുന്ന പോലെ സിപിഎമ്മിൽ ആരെയും അനുവദിക്കാറില്ലെന്നും സിവി വർഗീസ് രാജാക്കാട്ട് പറഞ്ഞു.

വിദ്യാർഥിയുടെ മരണത്തിനിടയാക്കിയ അപകടം; എസ്.ഐയുടെ കുടുംബത്തിന് വധഭീഷണി

കുമ്പള: കാസർകോട് കുമ്പളയിൽ വിദ്യാർഥിയുടെ മരണത്തിനിടയാക്കിയ കാറപകടത്തിലെ ആരോപണ വിധേയനായ എസ്.ഐയുടെ കുടുംബത്തിന് ഭീഷണി. എസ്.ഐ. രഞ്ജിത്തിന്റെ ക്വാർട്ടേഴ്സിന് പുറത്തുനിന്ന് യുവാക്കൾ ഭീഷണിപ്പെടുത്തുന്ന ദൃശ്യങ്ങളാണ് പുറത്തുവന്നത്.

സംഘം തങ്ങളെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതായി രഞ്ജിത്തിന്റെ പിതാവ് കുമ്പള പോലീസ് സ്റ്റേഷനിൽ പരാതി നൽകി.രണ്ടുപേർ സ്കൂട്ടറിൽ എത്തി സംസാരിക്കുന്നതാണ് സി.സി.ടി.വി. ദൃശ്യങ്ങളിൽ കാണുന്നത്. ഈ ദൃശ്യങ്ങൾ കേന്ദ്രീകരിച്ചാണ് പോലീസ് അന്വേഷണം നടത്തുന്നത്.

കഴിഞ്ഞ വെള്ളിയാഴ്ചയായിരുന്നു വിദ്യാർഥിയുടെ മരണത്തിനിടയാക്കിയ അപകടം ഉണ്ടായത്.

ബൈക്കിലെത്തി ഭീഷണിപ്പെടുത്തുന്നതിന്റെ സിസിടിവി ദൃശ്യം

ഓണാഘോഷ പരിപാടി കഴിഞ്ഞ് വിദ്യാർഥികൾ സ്കൂളിൽ നിന്ന് കാറിൽ പോകുമ്പോൾ പോലീസ് നിർത്താൻ ആവശ്യപ്പെട്ടു. എന്നാൽ കാർ നിർത്താതെ പോയപ്പോൾ പോലീസ് പിന്തുടരുകയായിരുന്നു. തുടർന്ന് കാർ അപകടത്തിൽ പെട്ടുവെന്നാണ് വിവരം.

അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന വിദ്യാർഥി കഴിഞ്ഞ ദിവസമാണ് മരിച്ചത്. അംഗഡിമൊഗർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് ടു വിദ്യാർഥി പേരാലിലെ മുഹമ്മദ് ഫറാസ് (17) ആണ് മംഗളൂരുവിലെ ആശുപത്രിയിൽ വെച്ച് മരിച്ചത്.

സംഭവത്തിൽ എസ്.ഐ. രഞ്ജിത് ഉൾപ്പെടെ മൂന്നു പോലീസ് ഉദ്യോഗസ്ഥർക്കെതിരേ നടപടിയെടുത്തിരുന്നു. അന്വേഷണത്തിന്റെ ഭാഗമായി സംഭവത്തിൽ ഉൾപ്പെട്ടുവെന്ന് പറയപ്പെടുന്ന മൂന്നു പോലീസുകാരെ സ്ഥലം മാറ്റിയിരുന്നു.

കുമ്മാട്ടിക്കിടെ ഡാൻസ് കളിച്ചതിനെച്ചൊല്ലി സംഘർഷം

യുവാവ് കുത്തേറ്റ് മരിച്ചു; നാലുപേർ അറസ്റ്റിൽ

തൃശ്ശൂർ: മൂർക്കനിക്കരയിൽ കുമ്മാട്ടിക്കിടെയുണ്ടായ സംഘർഷത്തിൽ യുവാവ് കുത്തേറ്റ് മരിച്ച സംഭവത്തിൽ നാലുപേർ അറസ്റ്റിൽ.

മുളയം ചീരക്കാവ് സ്വദേശി അഖിലി(28)നെ കൊലപ്പെടുത്തിയ കേസിലാണ് അനന്തകൃഷ്ണൻ, ശ്രീരാജ്, അക്ഷയ്, ജിഷ്ണു എന്നിവരെ പോലീസ് പിടികൂടിയത്. അതേസമയം, കേസിലെ മുഖ്യപ്രതികളും ഇരട്ടസഹോദരങ്ങളുമായ വിശ്വജിത്ത്, ബ്രഹ്മജിത്ത് എന്നിവർ ഒളിവിലാണ്. ഇവർക്കായി പോലീസ് തിരച്ചിൽ ഊർജിതമാക്കിയിട്ടുണ്ട്.

ബുധനാഴ്ച രാത്രി 7.45-ഓടെ മൂർക്കനിക്കര സെന്ററിൽ ഗവ. യു.പി. സ്കൂളിന് സമീപത്തുവെച്ചാണ് അഖിലിന് കുത്തേറ്റത്.

കുമ്മാട്ടിക്കിടെ ഡാൻസ് കളിച്ചതുമായി ബന്ധപ്പെട്ട തർക്കവും സംഘർഷവുമാണ് കൊലപാതകത്തിലേക്ക് നയിച്ചത്.കുമ്മാട്ടിക്കിടെ ഡാൻസ് കളിച്ചതിനെച്ചൊല്ലി ഇരട്ടസഹോദരങ്ങളും അഖിലുമായി ആദ്യം വാക്കുതർക്കം ഉണ്ടായി. തുടർന്ന് ഇരട്ട സഹോദരന്മാർ സംഭവസ്ഥലത്തുനിന്ന് തിരിച്ചുപോയിരുന്നു. പിന്നീട് ആയുധവുമായി തിരികെ വന്നാണ് ഇവർ അഖിലിനെ ആക്രമിച്ചത്.

കഴുത്തിൽ കുത്തേറ്റ അഖിൽ 20 മീറ്ററോളം ഓടുകയും തുടർന്ന് ചോര വാർന്ന് റോഡിൽ കുഴഞ്ഞുവീഴുകയുമായിരുന്നു. അഖിലിനെ നാട്ടുകാർ ഉടൻതന്നെ തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും രക്ഷിക്കാനായില്ല. ബി.ജെ.പി. പ്രവർത്തകനാണ് അഖിൽ.

സംഘർഷത്തിൽ അഖിലിനെ ഒപ്പമുണ്ടായിരുന്ന ചിറയത്ത് ജിതിനും കുത്തേറ്റിട്ടുണ്ട്. വൻകുടലിന് പരിക്കേറ്റ ജിതിൻ തൃശ്ശൂരിലെ സ്വകാര്യ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്.

കൊലപാതകവുമായി ബന്ധപ്പെട്ട് തിരയുന്ന ഇരട്ട സഹോദരന്മാർ ഒട്ടേറെ ക്രിമിനൽ കേസുകളിലെ പ്രതികളാണെന്നാണ് പോലീസ് നൽകുന്നവിവരം. ഇരുവർക്കുമെതിരേ നേരത്തേ കാപ്പ ചുമത്തിയിരുന്നു.

ഒല്ലൂർ എ.സി.പി. പി.എസ്. സുരേഷ്, മണ്ണുത്തി എസ്.എച്ച്.ഒ. എസ്. ഷുക്കൂർ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് സംഭവത്തിൽ അന്വേഷണം നടത്തുന്നത്.

എനിക്ക് രാഷ്ട്രീയമില്ല; സംഭരിച്ച നെല്ലിന് ആറ് മാസമായിട്ടും പണം കൊടുക്കാത്തത് അനീതിയല്ലേ: ജയസൂര്യ

തിരുവന്തപുരം: നമ്മളെ ഊട്ടുന്നവർക്ക് തിരുവോണത്തിന് പട്ടിണി കിടക്കേണ്ടി വരുന്നതിലെ അനൗചിത്യമാണ് താൻ ചൂണ്ടിക്കാട്ടിയതെന്ന് നടൻ ജയസൂര്യ. തനിക്ക് രാഷ്ട്രീയമില്ലെന്നും കർഷകരുടെ പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള വേദിയാണതെന്ന് തോന്നിയത് കൃഷി മന്ത്രി ഉള്ളതുകൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു. മലയാള മനോരമ പത്രത്തിൽ എഴുതിയ ലേഖനത്തിലാണ് ജയസൂര്യ ഇക്കാര്യം വ്യക്തമാക്കിയത്.'ഇടത്-വലത് ബിജെപി രാഷ്ട്രീയവുമായി എനിക്കൊരു ബന്ധവുമില്ല. കളമശേരിയിലെ കാർഷികമേളയിലേക്ക് എന്നെ വിളിക്കുന്നത് രാജീവേട്ടനാണ് (മന്ത്രി പി. രാജീവ്), കർഷകരുടെ എനിക്കറിയാവുന്ന ചില പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള ഒരു വേദിയാണ് അതെന്ന് എനിക്ക് തോന്നിയത് അവിടെ കൃഷിമന്ത്രിയെക്കൂടി കണ്ടപ്പോഴാണ്. മന്ത്രി ആ ചടങ്ങിനുണ്ടെന്ന് ഞാനറിയുന്നത് തന്നെ അവിടെയെത്തിയ ശേഷം മാത്രമാണ്. ഈ വിഷയം വേദിയിൽ പറയാതെ നേരിട്ടു ചർച്ച ചെയ്താലും അതു ലക്ഷ്യപ്രാപ്തിയിലെത്തണമെന്നില്ല. അത്തരമൊരു വിഷയം ഒരു സോഷ്യൽ മീഡിയ പോസ്റ്റിലൂടെ ഉന്നയിക്കേണ്ടതല്ലെന്നും തോന്നി,' ജയസൂര്യ പറഞ്ഞു.

സംഭരിച്ച നെല്ലിന്റെ വില ആറുമാസം കഴിഞ്ഞിട്ടും കിട്ടിയില്ലെന്ന് സുഹൃത്തിൽ നിന്നുമാണ് അറിഞ്ഞതെന്നും ഇത് കടുത്ത അനീതിയല്ലേയെന്നും അദ്ദേഹം ചോദിച്ചു.

'എന്റെ സുഹൃത്തും നടനുമായ കൃഷ്ണ പ്രസാദുമായി ഞാൻ കൃഷികാര്യങ്ങൾ ചർച്ച ചെയ്യാറുണ്ട്.

സംഭരിച്ച നെല്ലിന്റെ വില ആറു മാസത്തിലേറെക്കഴിഞ്ഞിട്ടും കർഷകർക്കു കിട്ടിയില്ലെന്ന് അദ്ദേഹം പറഞ്ഞാണ് ഞാനറിയുന്നത്. നിങ്ങളെ പോലുള്ളവർ ഇത്തരം വിഷയങ്ങൾ ഉന്നയിക്കണമെന്നും കൃഷ്ണപ്രസാദ് പറയുമായിരുന്നു. കർഷകർ കഷ്ടപ്പെട്ട് വിളവിറക്കി കൊടുത്ത നെല്ലിന് അതു സംഭരിച്ചശേഷം ആറ് മാസമായിട്ടും പണം കൊടുക്കാത്തത് കടുത്ത അനീതിയായി എനിക്കു തോന്നി. ആ നെല്ല് പുഴുങ്ങിക്കുത്തി അരിയായി

വിപണിയിൽ എത്തിയിട്ടുണ്ടാകില്ലേ? എന്നിട്ടും എന്താണ് പാവം കർഷകർ അധികാരികളുടെ കണ്ണുതുറപ്പിക്കാൻ തിരുവോണത്തിന് പട്ടിണി സമരം നടത്തുന്നത്? നമ്മളെ ഊട്ടുന്നവർക്കു സമൃദ്ധിയുടെ ഉത്സവമായ തിരുവോണത്തിന് പട്ടിണി കിടക്കേണ്ടി വരുന്നതിലെ അനൗചിത്യമാണ് ഞാൻ ചൂണ്ടിക്കാട്ടിയത്,' ജയസൂര്യ പറഞ്ഞു.

കഴിഞ്ഞ ദിവസം, കൃഷി മന്ത്രി പങ്കെടുത്ത പരിപാടിയിൽ സർക്കാരിനെ വിമർശിച്ച് ജയസൂര്യ രംഗത്തെത്തിയിരുന്നു. കൃഷിക്കാർ അനുഭവിക്കുന്നത് ചെറിയ പ്രശ്നങ്ങൾ അല്ലെന്നും നെല്ല് സംഭരിച്ചിട്ട് സപ്ലൈകോ പണം അനുവദിക്കുന്നില്ലെന്നും അദ്ദേഹം വിമർശിച്ചിരുന്നു. തിരുവോണ ദിവസം പട്ടിണികിടക്കുന്ന അച്ഛനേയും അമ്മയേയും കണ്ട് എങ്ങനെയാണ് കൃഷിയിലേക്ക് വീണ്ടും ഒരു തലമുറ വരുന്നതെന്നും അദ്ദേഹം ചോദിച്ചിരുന്നു.

എന്നാൽ ഇതിന് പിന്നാലെ ജയസൂര്യയുടെ പരാമർശത്തിന് പിന്നിൽ അജണ്ടയുണ്ടെന്ന് കൃഷി മന്ത്രി പി. പ്രസാദും പ്രതികരിച്ചു. ജയസൂര്യയുടെ സുഹൃത്ത് കൃഷ്ണ പ്രസാദിന് പണം കിട്ടിയിട്ടില്ലെന്നത് തെറ്റാണെന്ന് ഭക്ഷ്യമന്ത്രി ജി.ആർ. അനിലും വ്യക്തമാക്കിയിരുന്നു.

കൃഷ്ണ പ്രസാദ് ബി.ജെ.പി രാഷ്ട്രീയമുള്ളയാളാണെന്നും അയാൾക്ക് കുടിശ്ശികയെല്ലാം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കൃഷ്ണ പ്രസാദ് നടത്തിയ പ്രസ്താവന തെറ്റാണെന്നും ആ പ്രസ്താവനയുടെ വസ്തുത മനസിലാക്കാതെയാണ് ജയസൂര്യ പ്രതികരിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

ഭാര്യയെ ശല്യപ്പെടുത്തി; ഭാര്യാസഹോദരനെ കൊലപ്പെടുത്തിയ യുവാവ് അറസ്റ്റിൽ

മുംബൈ: ഭാര്യയെ ശല്യപ്പെടുത്തിയെന്നാരോപിച്ച് ഭർത്താവ് ഭാര്യാസഹോദരനെ കൊലപ്പെടുത്തി കഷ്ണങ്ങളാക്കിയ യുവാവ് അറസ്റ്റിൽ. മുംബൈയിലാണ് സംഭവം. ഷഫീഖ് അഹമ്മദ് ഷെയ്ഖ് എന്നയാളാണ് അറസ്റ്റിലായത്. ഇയാളുടെ ഭാര്യയുടെ പിതാവ് എടുത്തുവളർത്തിയ 17 കാരനായ ഈശ്വർ പുത്രൻ എന്നയാളാണ് കൊല്ലപ്പെട്ടത്.ഭാര്യയെ ഉപദ്രവിച്ചതിനാണ് കൊലപ്പെടുത്തിയതെന്നാണ് അറസ്റ്റിലായ ഷഫീഖ് അഹമ്മദ് ഷെയ്ഖ് പറയുന്നതെന്ന് ഡെപ്യൂട്ടി പൊലീസ് കമ്മീഷണർ ഹേരാജ് രാജ്പുത് പറഞ്ഞു. പലതവണ മുന്നറിയിപ്പ് നൽകിയിട്ടും ഉപദ്രവിക്കുന്നത് തുടർന്നു. തുടർന്ന് തിങ്കളാഴ്ച മുംബൈയിലെ ചെമ്പൂരിൽ വെച്ച് ഇയാളെ കൊലപ്പെടുത്തിയ ശേഷം മൃതദേഹം പല കഷ്ണങ്ങളാക്കി മുറിച്ച് അടുക്കളയിൽ ഒളിപ്പിച്ചുവെന്നാണ് പൊലീസ് പറയുന്നത്.വളർത്തുമകനെ കാണാതായിട്ട് രണ്ട് ദിവസം കഴിഞ്ഞപ്പോൾ ഭാര്യാപിതാവ് ഇക്കാര്യം പ്രതിയോട് ചോദിച്ചു. അയാളുടെ മറുപടിയിൽ സംശയം തോന്നിയതിനെത്തുടർന്ന് പൊലീസിനെ വിവരമറിയിക്കുകയായിരുന്നു. പൊലീസ് ചോദ്യം ചെയ്തപ്പോഴാണ് ക്രൂരമായ കൊലപാതകത്തെക്കുറിച്ച് പ്രതി തുറന്ന് പറഞ്ഞത്. കൊലപാതകം, തെളിവ് നശിപ്പിച്ചതുമടക്കമുള്ള വകുപ്പുകൾ ചുമത്തിയാണ് ഇയാളെ പൊലീസ് അറസ്റ്റ് ചെയ്തത്.

വിമാനത്തിന്റെ ചിറകിൽ ഡാൻസുമായി കാബിൻ ക്രൂ അംഗങ്ങൾ

അർജന്റീന: വിമാനത്തിന്റെ ചിറകിൽ നൃത്തം ചെയ്യുന്ന കാബിൻ ക്രൂ അംഗങ്ങളുടെ വീഡിയോ സോഷ്യൽ മീഡിയയിൽ വൈറാലകുന്നു.

സ്വിസ് ഇന്റർനാഷണൽ എയർ ലൈനിലെ ക്യാബിൻ ക്രൂ അംഗങ്ങളാണ് ബോയിംഗ് 777 വിമാനത്തിന്റെ ചിറകിൽ അപകടകരമായി ഡാൻസ് ചെയ്യുന്നത്. എയർപോർട്ട് ടെർമിനലിൽ കാത്തുനിന്ന യാത്രക്കാരനാണ് ഇപ്പോൾ വൈറലായ വീഡിയോ ദൃശ്യങ്ങൾ പകർത്തിയത്. തുടർന്ന് ഈ വീഡിയോ സോഷ്യൽമീഡിയ പ്ലാറ്റ്ഫോമായ എക്സിൽ(ട്രിറ്റർ) പോസ്റ്റ് ചെയ്യുകയായിരുന്നു. തുടർന്ന് ഈ വീഡിയോ വൈറലാകുകയായിരുന്നു.വനിതാ ജീവനക്കാരിയാണ് ആദ്യം വിമാനത്തിന്റെ ചിറകിൽ നൃത്തം ചെയ്യുന്നത്. പിന്നീട് ഒരു പുരുഷ സഹപ്രവർത്തകയും അവർക്കൊപ്പം ചേരുന്നുണ്ട്. തുടർന്ന് മറ്റൊരാൾ കൂടി എത്തി ബോഡി ബിൽഡിംഗ് പോസുകൾ ചെയ്യുന്നതും വീഡിയോയിൽ കാണാം നൃത്തമെല്ലാം രണ്ട് ഗ്രൗണ്ട് ക്രൂ അംഗങ്ങൾ വിമാനത്തിന്റെ എഞ്ചിന് മുന്നിൽ നിന്ന് ചിത്രീകരിക്കുന്നും ദൃശ്യത്തിലുണ്ട്.ഈ മാസം ആദ്യമാണ് വീഡിയോ പകർത്തിയിട്ടുള്ളത്. സംഭവത്തിൽ സ്വിസ് ഇന്റർനാഷണൽ എയർലൈൻസ് മാനേജ്മെന്റ് നടപടിയെടുത്തിട്ടുണ്ട്. ഇത്തരം പെരുമാറ്റം വെച്ചുപൊറുപ്പിക്കാനാകില്ലെന്നും ക്രൂ അംഗങ്ങൾക്കെതിരെ നടപടിയെടുത്തിട്ടുണ്ടെന്നും അന്വേഷണം നടക്കുകയാണെന്നും എയർലൈൻസ് പ്രസ്താവനയിൽ അറിയിച്ചു. കാണുമ്പോൾ രസകരമായി തോന്നുമെങ്കിൽ ജീവൻ തന്നെ അപകടപ്പെടുത്തിയാണ് ഈ ഡാൻസെന്നും സ്വിസ് വക്താവ് മൈക്കൽ പെൽസർ പറഞ്ഞു.ബോയിംഗ് 777-ന്റെ ചിറകുകൾക്ക് ഏകദേശം 16.4 അടി ഉയരമുണ്ട്.

അവിടെ നിന്ന് ഒന്ന് കാലുതെറ്റി വീണിരുന്നെങ്കിൽ മരണം പോലും സംഭവിക്കുമായിരുന്നെന്നും എയർലൈൻസ് വ്യക്തമാക്കിയതായി ന്യൂയോർക്ക് പോസ്റ്റ് റിപ്പോർട്ട് ചെയ്തു. അടിയന്തര സാഹചര്യങ്ങളിൽ മാത്രമേ ജീവനക്കാർ വിമാനത്തിന്റെ ചിറകിൽ കാലുകുത്താൻ പാടുള്ളൂവെന്നാണ് ചട്ടം.

ഉംറ കഴിഞ്ഞ് മടങ്ങിയ രാഖി സാവന്തിന് വിമാനത്താവളത്തിൽ സ്വീകരണം

മുംബൈ: ഉംറ കഴിഞ്ഞ് മുംബൈയിൽ തിരിച്ചെത്തിയ നടി രാഖി സാവന്തിന് വിമാനത്താവളത്തിൽ ഹൃദ്യമായ സ്വീകരണം.

ഇസ്ലാം സ്വീകരിക്കുകയും ഫാത്തിമ എന്ന പേര് സ്വീകരിക്കുകയും ചെയ്ത രാഖി, വിശുദ്ധ നഗരങ്ങളായ മക്കയും മദീനയും സന്ദർശിച്ച് തന്റെ ആദ്യ ഉംറ നിർവഹിച്ച ശേഷം ഇന്നലെ രാത്രിയാണ് തിരിച്ചെത്തിയത്.

സ്വീകരിക്കാൻ ആരാധകരും അഭ്യുദയകാംക്ഷികളും മുംബൈ വിമാനത്താവളത്തിൽ തടിച്ചുകൂടിയിരുന്നു.

പുഷ്പഹാരം അണിയിച്ചും ആലിംഗനം ചെയ്തും നടിയെ സ്വാഗതം ചെയ്തു. എല്ലാവരോടും നന്ദി പ്രകടിപ്പിച്ചാണ് രാഖി മടങ്ങിയത്.

രാഖി സാവന്തിന്റെ ഉംറ യാത്ര ആരാധകരുടെയും മാധ്യമ വൃത്തങ്ങളുടെയും ഇടയിൽ ഏറെ ശ്രദ്ധ നേടിയിരുന്നു.

മക്കയിലും മദീനയിലും പുണ്യ സ്ഥലങ്ങൾ സന്ദർശിച്ച ദൃശ്യങ്ങൾ നടി തന്റെ ഇൻസ്റ്റാഗ്രാം അക്കൗണ്ടിൽ പങ്കുവെച്ചിരുന്നു.

ഛർദ്ദിക്കാൻ വേണ്ടി ബസിൽ നിന്നും തല പുറത്തേക്കിട്ട യുവതി മറ്റൊരു വാഹനത്തിൽ തലയിടിച്ച് മരിച്ചു

ന്യൂഡൽഹി: ഛർദ്ദിക്കാൻ വേണ്ടി ബസിൽ നിന്നും തല പുറത്തേക്കിട്ട യുവതി മറ്റൊരു വാഹനത്തിൽ തലയിടിച്ച് മരിച്ചു. ഡൽഹിയിലെ നരേലയിലാണ് സംഭവം. യു.പി സ്വദേശിനിയായ ബാബ്ലി ആണ് മരണപ്പെട്ടത്.

സഹോദരിക്കും അവരുടെ കുടുംബത്തിനുമൊപ്പം ലുധിയാനയിലെ മൂത്ത സഹോദരനെ കാണാനുള്ള യാത്രക്കിടെയായിരുന്നു സംഭവം. അലിപൂരിലെത്തിയപ്പോഴാണ് യുവതിക്ക് അസ്വസ്ഥത അനുഭവപ്പെടുന്നത്.

ഛർദ്ദിക്കാനായി തല പുറത്തിട്ടപ്പോൾ പിന്നിൽ നിന്നും ബസിനെ മറികടക്കാൻ ശ്രമിക്കുകയായിരുന്ന മറ്റൊരു വാഹനത്തിൽ യുവതിയുടെ തല ഇടിക്കുകയായിരുന്നു. ഇടിച്ച വാഹനം നിർത്താതെ പോയെന്നും വാഹനത്തിനായുള്ള തിരച്ചിൽ പുരോഗമിക്കുകയാണെന്നും പൊലീസ് അറിയിച്ചു.അതേസമയം അപകടം നടന്നതിന് പിന്നാലെ ആംബുലൻസ് വിളിച്ചെങ്കിലും ആരും സഹായിക്കാനെത്തിയില്ലെന്ന് യുവതിയുടെ സഹോദരി പൂനം മാധ്യമങ്ങളോട് പറഞ്ഞു. പത്ത് മിനിറ്റോളം കാത്തുനിന്ന് ശേഷം ബസിലെ ജീവനക്കാർ തന്നെയാണ് യുവതിയെ ആശുപത്രിയിലെത്തിച്ചതെന്നും സഹോദരി കൂട്ടിച്ചേർത്തു. കുടുംബത്തിൻറെ വാദങ്ങൾ ആശുപത്രി തള്ളി.

സുപ്രീം കോടതിയുടെ വെബ്സൈറ്റിനും വ്യാജൻ; വഞ്ചിതരാകരുതെന്ന് മുന്നറിയിപ്പ്

ന്യൂഡൽഹി: സുപ്രീം കോടതിയുടെ ഔദ്യോഗിക വെബ്സൈറ്റ് എന്ന നിലയിൽ വ്യാജ വെബ്സൈറ്റ് പ്രവർത്തിക്കുന്നുവെന്ന് സുപ്രീം കോടതി രജിസ്ട്രി.

ഈ വെബ്സൈറ്റിൽ ക്ലിക്ക് ചെയ്ത് വഞ്ചിതരാകരുത് എന്നാവശ്യപ്പെട്ട് സുപ്രീം കോടതി രജിസ്ട്രി പൊതു നോട്ടീസ് ഇറക്കി. വ്യാജ വെബ്സൈറ്റിന് പിന്നിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് സുപ്രീം കോടതി രജിസ്ട്രാർ (ടെക്നോളജി) ഹർഗുർവരിന്ദ് സിങ് ജഗ്ഗി പോലീസിന് പരാതി നൽകി.http://cbins/scigv.com, https://cbins.scigv.com/offence. എന്നിവയാണ് വ്യാജ വെബ്സൈറ്റുകളുടെ യു.ആർ.എൽ. വ്യാജ വെബ്സൈറ്റ് ജനങ്ങളിൽനിന്ന് സ്വകാര്യ, രഹസ്യ വിവരങ്ങൾ ആരായുകയാണെന്ന് സുപ്രീം കോടതി രജിസ്ട്രി വ്യക്തമാക്കി. ആരും സ്വകാര്യ, രഹസ്യ വിവരങ്ങൾ കൈമാറരുത്. നൽകുന്ന വിവരങ്ങൾ ചോർത്താൻ ഉപയോഗിച്ചേക്കാമെന്നും രജിസ്ട്രി മുന്നറിയിപ്പ് നൽകി.

www.sci.gov.in ആണ് സുപ്രീം കോടതിയുടെ ഔദ്യോഗിക വെബ് സൈറ്റ്. ഇതിന്റെ ആധികാരികത ഉറപ്പ് വരുത്താതെ ലിങ്കുകളിൽ ക്ലിക് ചെയ്യുകയോ പങ്കുവെക്കുകയോ ചെയ്യരുത്. സുപ്രീം കോടതി രജിസ്ട്രി ആരുടെയും വ്യക്തി വിവരങ്ങളോ സ്വകാര്യ വിവരങ്ങളോ സാമ്പത്തിക വിവരങ്ങളോ ചോദിക്കാറില്ലെന്നും രജിസ്ട്രി വ്യക്തമാക്കി. വ്യാജ വെബൈറ്റിന്റെ വഞ്ചനയ്ക്ക് ഇര ആയിട്ടുണ്ടെങ്കിൽ ഉടൻ തന്നെ എല്ലാ ഓൺലൈൻ അക്കൗണ്ടുകളുടേയും പാസ് വേഡുകൾ മാറ്റാൻ രജിസ്ട്രി നിർദേശിച്ചു. ഇതിനുപുറമെ ബാങ്ക്, ക്രെഡിറ്റ് കാർഡ് കമ്പനികളെ ബന്ധപ്പെട്ട് ഇക്കാര്യം അറിയിക്കാനും നിർദേശിച്ചിട്ടുണ്ട്.

അതിർത്തിയിൽ ചൈനയുടെ നിർമാണം; പ്രധാനമന്ത്രി മറുപടി പറയണമെന്ന് പ്രതിപക്ഷം

ന്യൂഡൽഹി: ഇന്ത്യൻ പ്രദേശങ്ങൾ ഉൾപ്പെടുത്തിയ ചൈനയുടെ മാപ്പിന് പിന്നാലെ അതിർത്തിക്കടുത്ത നിർമാണങ്ങളും തലവേദനയാകുന്നു . ഇന്ത്യൻ അതിർത്തിയിൽ നിന്നും 70 കിലോമീറ്റർ അകലെയാണ് നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. ചൈനയുടെനീക്കങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി മറുപടി പറയണമെന്നാണ് പ്രതിപക്ഷത്തിന്റെ ആവശ്യം.

അതിർത്തിക്ക് 70 കിലോമീറ്റർ അകലെ വരെ പീപ്പിൾസ് ലിബറേഷൻ ആർമി നടത്തുന്ന നിർമാണ പ്രവർത്തനങ്ങളുടെ കൂടുതൽ സാറ്റലൈറ്റ് ചിത്രങ്ങളാണ് കേന്ദ്ര സർക്കാരിനെ പ്രതിരോധത്തിലാക്കുന്നത്.

ബങ്കറുകൾ, തുരങ്കങ്ങൾ എന്നിവ നിർമ്മിച്ചെന്നതാണു ഹിന്ദുസ്ഥാൻ ടൈംസ് പത്രം റിപ്പോർട്ട് ചെയ്തത്.2021 ഡിസംബറിലെ ചിത്രങ്ങളുമായി, ഇക്കഴിഞ്ഞ 18 നു പുറത്തിറക്കിയ ചിത്രങ്ങൾ താരതമ്യം ചെയ്താണ് അതിർത്തിയിലെ ചൈനയുടെ നിർമാണ പ്രവർത്തനങ്ങളെ പറ്റി മുന്നറിയിപ്പ് നൽകിയത്. 2020 ൽ മാക്സർ ടെക്നൊളജി സാറ്റലൈറ്റ് ചിത്രങ്ങൾ വിലയിരുത്തിയപ്പോൾ നിർമാണ പ്രവർത്തനങ്ങളുടെ തുടക്കം തിരിച്ചറിഞ്ഞിരുന്നു. 15 കിലോമീറ്റർ ചുറ്റളവിൽ ആറിടത്താണ് നിരീക്ഷിച്ചത്. അതിർത്തി രേഖയ്ക്ക് അടുത്ത് വിമാനങ്ങൾ ഇറങ്ങാനുള്ള റൺ വേ അടക്കം തയാറാക്കുന്നതായി ഹിന്ദുസ്ഥാൻ ടൈമ്സ് നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നു.

തുരങ്ക നിർമാണത്തിനായി മണ്ണ് നീക്കുന്ന യന്ത്രങ്ങൾ, പുതിയ റോഡുകൾ, തുരങ്കത്തിലേക്കുള്ള പാതകൾ എന്നിവ വ്യക്തമാക്കുന്ന സാറ്റലൈറ്റ് ചിത്രങ്ങൾ സഹിതമാണ് ഹിന്ദുസ്ഥാൻ ടൈംസ് റിപ്പോർട്ട് ചെയ്യുന്നത്.

മുംബൈയിൽ ചേരുന്ന 'ഇന്ത്യ' മുന്നണി യോഗത്തിലും ചൈന വിഷയം കോൺഗ്രസ് ഉയർത്തും.

ഭൂനിയമം ലംഘിച്ച് പണിതത് എ.കെ.ജി സെന്റർ; എംവി ഗോവിന്ദന് മാത്യു കുഴൽനാടന്റെ മറുപടി

തിരുവനന്തപുരം: സിപിഎം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദന്റെ ഏഴ് ചോദ്യങ്ങൾക്കുള്ള മറുപടിയുമായി മാത്യു കുഴൽനാടൻ എംഎൽഎ. ഭൂനിയമം ലംഘിച്ചതിന്റെ മറുപടി പറയണമെന്ന് എം വി ഗോവിന്ദന്റെ ചോദ്യത്തിന് താൻഭൂനിയമം ലംഘിച്ചിട്ടില്ലെന്നും പട്ടയ ഭൂമിയിൽ കൊമേഴ്സിൽ ബിൽഡിംഗ് നിർമിച്ച മാത്രമേ ലംഘനമാകൂവെന്നും വാർത്താസമ്മേളനത്തിൽ പറഞ്ഞു. ചിന്നക്കനാലിലുള്ള ത് റസിഡൻഷ്യൽ കെട്ടിടങ്ങളാണ്. അത് നിയമപ്രകാരമാണ്. അതിൽ നിയമലംഘനം നടന്നിട്ടില്ല. നിയമം ലംഘിച്ചിട്ടുള്ള ഏറ്റവും വലിയ ബിൽഡിംഗ് എകെജി സെന്ററാണ്. ചിന്നകനാലിൽ ഭൂമി വാങ്ങി വാങ്ങിയതിന് നികുതവെട്ടിപ്പുണ്ടോ എന്ന ചോദ്യത്തിന് വാങ്ങിയ ഭൂമിയിലെ തന്റെ നിർമ്മാണം കൂടി കണക്കിലെടുത്താണ് ഉയർന്ന തുക രേഖപ്പെടുത്തിയതെന്നും സത്യസന്ധത ഉള്ളതുകൊണ്ടാണ് അതുകൂടി രേഖപ്പെടുത്തിയതെന്നും മാത്യു വ്യക്തമാക്കി. മണ്ണിട്ട് നികത്തിയതിലെ ചോദ്യത്തിനുള്ള മറുപടി ഫേസ് ബുക്ക് പോസ്റ്റിൽ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. അഭിഭാഷക വൃത്തിയോടൊപ്പം ബിസിനസ് നടത്തിയ ചോദ്യത്തിന് അഭിഭാഷക വൃത്തിയോടൊപ്പം ഒരു ബിസിനസും ചെയ്തിട്ടില്ലെന്ന് എംഎൽഎ പറഞ്ഞു. ഫെമ നിയമ ലംഘനം നടത്തിയെന്ന ചോദ്യത്തിന് വിദേശത്തുള്ള ഒരു സ്ഥാപനത്തിൽ മാത്രമാണ് പങ്കുള്ളതെന്നും വിദേശത്തു നിന്ന് പണം സ്വീകരിച്ചിട്ടില്ലെന്നുമാണ് മറുപടി.

തനിക്കെതിരെ ആരോപണം ഉന്നയിച്ച സി.പി.എം ജില്ലാ സെക്രട്ടറി സി.എൻ മോഹനൻ, ഇടുക്കി ജില്ലാ സെക്രട്ടറി സിവി വർഗീസ് എന്നിവർ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചിട്ടില്ലെന്ന് പറയാൻ എം.വി ഗോവിന്ദന് ധൈര്യമുണ്ടോ എന്ന് മാത്യു കുഴൽനാടൻ ചോദിച്ചു. തന്റെ സ്വത്ത് സമ്പാദ്യങ്ങൾ സിപിഎം സംസ്ഥാന സെക്രട്ടറിക്ക് നേരിട്ട് പരിശോധിക്കാമെന്നും കുഴൽനാടൻ പറഞ്ഞു.

തൃശൂരിൽ വളർത്തുപോത്തിന്റെ കുത്തേറ്റ് മധ്യവയസ്കൻ മരിച്ചു

തൃശൂർ: വളർത്തു പോത്തിന്റെ കുത്തേറ്റ് മധ്യവയസ്കൻ മരിച്ചു. ചാലക്കുടി കുറ്റിച്ചിറയിൽ സ്വദേശി ഷാജു (56) ആണ് മരിച്ചത്.

വ്യാഴാഴ്ച രാവിലെയായിരുന്നു അപകടം. പാടത്ത് കെട്ടിയിട്ടിരുന്ന പോത്തിനെ അഴിക്കാൻ ചെന്നപ്പോൾ ആക്രമിക്കുകയായിരുന്നു. പരുക്കേറ്റ ഇദ്ദേഹത്തെ ഉടനെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

അച്ചു ഉമ്മനെ ഫെയ്സ് ബുക്ക് വഴി അധിക്ഷേപിച്ചയാൾ തന്റെ ഫെയ്സ് ബുക്ക് അക്കൗണ്ട് മരവിപ്പിച്ചു

തിരുവനന്തപുരം: അച്ചു ഉമ്മനെ ഫെയ്സ് ബുക്ക് വഴി അധിക്ഷേപിച്ചയാൾ തന്റെ ഫെയ്സ്ബുക്ക് അക്കൗണ്ട് മരവിപ്പിച്ചു. സെക്രട്ടറിയേറ്റിലെ മുൻ അഡീഷണൽ സെക്രട്ടറി നന്ദകുമാറാണ് തന്റെ ഫെയ്സ്ബുക്ക് അക്കൗണ്ട് മരവിപ്പിച്ചത്.

രണ്ട് അക്കൗണ്ടുകളാണ് ഫെയ്സ്ബുക്കിൽ നന്ദകുമാറിനുണ്ടായിരുന്നത്. ഇതിൽ നന്ദകുമാർ കൊളത്താപ്പിള്ളി എന്ന ഫെയ്സ്ബുക്ക് അക്കൗണ്ടാണ് മരവിപ്പിച്ചത്. നന്ദകുമാർ കൊളത്താപ്പിള്ളി എന്ന ഫെയ്സ് ബുക്ക് അക്കൗണ്ടിലൂടെയാണ് അച്ചുവിനെതിരെ ഇയാൾ അധിക്ഷേപ പരാമർശം നടത്തിയത്. നേരത്തെ അച്ചു ഉമ്മൻ തനിക്കെതിരായ വ്യക്തി അധിക്ഷേപത്തിനെതിരെ പൊലീസിൽ പരാതി നൽകിയിരുന്നു.

പരാതിയിൽ പൊലിസ് അന്വേഷണം തുടങ്ങിയപ്പോഴാണ് ഇയാൾ അക്കൗണ്ട് മരവിപ്പിച്ചത്.

പരാതിയിൽ നന്ദകുമാറിനെ ചോദ്യം ചെയ്യാനായി പൂജപ്പുര പൊലിസ് വൈകാതെ വിളിപ്പിക്കുമെന്നാണ് സൂചന. സ്ത്രീത്വത്തെ അപമാനിച്ച് സാമൂഹ്യ മാധ്യമങ്ങളിൽ പോസ്റ്റ് ഇട്ടതിനാണ് കേസ്. ജാമ്യം ലഭിക്കുന്ന വകുപ്പ് പ്രകാരമാണ് കേസെടുത്തത്.

അച്ചു ഉമ്മനെ സമൂഹ മാധ്യമങ്ങളിലൂടെ അധിക്ഷേപിച്ചതിൽ നന്ദകുമാർ ക്ഷമാപണം നടത്തിയിരുന്നു. 'ഏതെങ്കിലും വ്യക്തിയെ വ്യക്തിപരമായി അധിക്ഷേപിക്കാൻ ഉദ്ദേശിച്ചിരുന്നില്ല. ഞാൻ ഇട്ട കമന്റ് ഉമ്മൻ ചാണ്ടിയുടെ മകൾക്ക് അപമാനമായി പോയതിൽ ഖേദിക്കുന്നു.

സ്ത്രീത്വത്തെ അപമാനിക്കാൻ ഉദ്ദേശിച്ചിരുന്നില്ല. അറിയാതെ സംഭവിച്ച് പോയ തെറ്റിന് നിരുപാധികം മാപ്പപേക്ഷിക്കുന്നു' എന്നായിരുന്നു ഫേസ്ബുക്ക് പോസ്റ്റിൽ ഉണ്ടായിരുന്നത്.

ഇഡാലിയ ചുഴലിക്കാറ്റ് ആഞ്ഞടിച്ചപ്പോൾ

ഫ്ളോറിഡയെ മുക്കി ഇഡാലിയ ചുഴലിക്കാറ്റ്: ജാഗ്രത നിർദേശം

ഫ്ളോറിഡ: യുഎസിൽ കനത്ത നാശം വിതച്ച ഇഡാലിയ ചുഴലിക്കാറ്റിന്റെ ശക്തി കുറയുന്നു.

ഫ്ളോറിഡയില് ആഞ്ഞടിച്ച ചുഴലിക്കാറ്റിനെത്തുടർന്ന് ജനജീവിതം ദുസ്സഹമായി. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് തുടരുകയാണ്. പ്രദേശങ്ങളിൽ നിന്ന് ആളുകളെ ഒഴിപ്പിച്ചു.

കുടുങ്ങിക്കിടക്കുന്നവരെ രക്ഷിക്കാനുള്ള പ്രവർത്തനങ്ങളും തുടരുകയാണ്.

കാറ്റ് വീശിയടിച്ചത് ജനസാന്ദ്രത കുറഞ്ഞ മേഖലകളിലായതിനാൽ വലിയ ആൾനാശം ഉണ്ടായിട്ടില്ല. ഫ്ളോറിഡയിൽ ഇതുവരെ രണ്ട് മരണങ്ങളാണ് റിപ്പോർട്ട് ചെയ്തത്. ഇവ രണ്ടും വാഹനാപകടങ്ങളെ തുർന്നാണെന്ന് പൊലീസ് അറിയിച്ചു. ചുഴലിക്കാറ്റിന് പിന്നാലെ തെക്കുകിഴക്കൻ ജോർജിയയിൽ കനത്ത മഴയും വെള്ളപ്പൊക്ക ഭീഷണിയും നിലനിൽക്കുകയാണ്. ഭരണകൂടം ജാഗ്രതാനിർദേശം നൽകി. മണിക്കൂറിൽ 70 മൈൽ വേഗതയിൽ വീശുന്ന കാറ്റ് ജോർജിയ, സൗത്ത് കരലീന സംസ്ഥാനങ്ങളിലേക്ക് നീങ്ങുകയാണ്. രണ്ടിടങ്ങളിലും അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടുണ്ട്. 30000 ദുരന്ത നിവാരണ സംഘാംഗങ്ങളെയാണ് ഫ്ളോറിഡയിൽ വിന്യസിച്ചിരിക്കുന്നത്. നിവലിൽ ചുഴലിക്കാറ്റിന്റെ ശക്തി കുറഞ്ഞിരിക്കുകയാണ്.

എന്നാൽ കരയിലേക്ക് ആഞ്ഞടിക്കുന്നതിന് മുമ്പ് ചുഴലിക്കാറ്റിൻറെ ശക്തി കൂടുമെന്ന് മിയാമി ആസ്ഥാനമായുള്ള നാഷണൽ ഹരികെയിൻ സെൻറർ മുന്നറിയിപ്പ് നൽകി. കൊടുങ്കാറ്റ് അത്യന്തം അപകടകരമായ കാറ്റഗറി 4 തീവ്രതയിൽ എത്തുമെന്നാണ് പ്രവചനം. മണിക്കൂറിൽ 209 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശാൻ സാധ്യതയുണ്ടെന്ന് ഹരികെയിൻ സെൻറർ മുന്നറിയിപ്പ് നൽകി.

ഫ്ളോറിഡയിലും ജോർജിയയിലുമായി നാല് ലക്ഷത്തോളം ആളുകൾ വൈദ്യുതി ഇല്ലാതെ ഇരുട്ടിൽ കഴിയുകയാണ്. ഇഡാലിയ ഫ്ളോറിഡയിൽ കനത്ത മഴയ്ക്കും വെള്ളപ്പൊക്കത്തിനും സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. കടൽ പ്രക്ഷുബ്ധമാകും.



അനുമതിയില്ലാതെ ബാനർ കെട്ടിയതിന് മന്ത്രി പ്രിയങ്ക് ഖാർഗെക്ക് 5000 രൂപ പിഴ

മംഗളൂരു: അനുമതിയില്ലാതെ ബാനർ സ്ഥാപിച്ചു എന്നതിന് ഗ്രാമവികസന-പഞ്ചായത്തീരാജ് മന്ത്രിയും എഐസിസി പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെയുടെ മകനുമായ പ്രിയങ്ക് ഖാർഗെക്ക് പിഴ. ബി.ജെ.പി ഭരിക്കുന്ന കലബുറുഗി മുനിസിപ്പൽ കോർപറേഷനാണ് മന്ത്രിക്ക് 5,000 രൂപ പിഴയിട്ടത്. ബുധനാഴ്ച രാഹുൽ ഗാന്ധിയും മല്ലികാർജ്ജുൻ ഖാർഗെയും പങ്കെടുത്ത കർണാടക സർക്കാറിന്റെ ഗൃഹലക്ഷ്മി പദ്ധതി ഉദ്ഘാടനം സംബന്ധിച്ച ബാനറിന്റെ പേരിലാണ് നടപടി. അലൻഡ് ചെക്ക് പോസ്റ്റ് പരിസരത്താണ് ബാനർ ഉയർത്തിയിരുന്നത്. തുടർന്ന്, കലബുറുഗി ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രിക്ക് കലബുറുഗി മുനിസിപ്പൽ കോർപറേഷൻ പിഴ ചുമത്തുകയായിരുന്നു. തുക കോർപറേഷനിലെ കോൺഗ്രസ് കൗൺസിലർമാർ അടക്കാമെന്ന് മന്ത്രിയെ അറിയിച്ചു.

നേരത്തെ ബംഗളൂരു ക്വീൻസ് റോഡിലെ കെ.പി.സി.സി ആസ്ഥാന പരിസരത്ത് അനുമതിയില്ലാതെ ബാനർ കെട്ടിയതിന് പാർട്ടി കർണാടക അധ്യക്ഷൻ കൂടിയായ ഉപമുഖ്യമന്ത്രി ഡി.കെ.ശിവകുമാറിന് ബ്രഹത് ബംഗളൂരു മഹാനഗര പാലികെ(ബിബിഎംപി)50,000 രൂപ പിഴയിട്ടിരുന്നു.

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി, കർണാടക മുൻ മുഖ്യമന്ത്രി ഡി.ദേവരാജ് അർസ് എന്നിവയുടെ ജന്മദിന ആഘോഷവുമായി ബന്ധപ്പെട്ട് കെ.പി.സി.സിയുടെ പിന്നാക്ക വിഭാഗ സംഘടനകൾ പാർട്ടി നേതാക്കളുടെ പടങ്ങൾ ഉൾപ്പെട്ട ബാനർ പ്രദർശിപ്പിച്ചതിനായിരുന്നു പാർട്ടി അധ്യക്ഷൻ എന്ന നിലയിൽ പിഴ.

ലോകത്തിലെ ആദ്യത്തെ സംഭവം, ഓസ്ട്രേലിയൻ സ്ത്രീയുടെ തലച്ചോറിൽ ജീവനുള്ള വിരയെ കണ്ടെത്തി

ഓസ്ട്രേലിയ: കുറച്ച് നാളുകളായി വയറുവേദന, ചുമ, രാത്രിയിൽ അമിതമായി വിയർക്കുക തുടങ്ങിയ ലക്ഷണങ്ങൾ അറുപത്തിനാലുകാരിയായ സ്ത്രീക്ക് പ്രകടമാക്കുന്നു. പിന്നീട് മറവിയിലേക്കും വിഷാദത്തിലേക്കും കടന്നു. എന്നിട്ടും എന്താണ് കാരണം എന്ന ചോദ്യം ബാക്കിയായിരുന്നു. എന്നാൽ കഴിഞ്ഞ വർഷം കാൻബറയിൽ നടന്ന ശസ്ത്രക്രിയയിലാണ് ഇതിന്റെ യഥാർഥ കാരണം കണ്ടെത്താനായത്. ശസ്ത്രക്രിയയ്ക്കിടെ അവരുടെ തലച്ചോറിൽ നിന്നു എട്ട് സെ.മി നീളമുള്ള ജീവനുള്ള പുഴുവിനെയാണ് കണ്ടെത്തിയത്.2021 ജനുവരി അവസാനത്തോടെയാണ് സ്ത്രീയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പിന്നീട് നടത്തിയ സ്കാനിൽ 'തലച്ചോറിന്റെ വലത് മുൻഭാഗത്തെ വിചിത്രമായ ലെഷൻ' കണ്ടെത്തി. എന്നാൽ 2022 ജൂണിൽ നടത്തിയ ബയോപ്സിയിലാണ് അവരുടെ അവസ്ഥയുടെ യഥാർഥ കാരണം വെളിപ്പെട്ടത്. ചുവന്ന പരാന്നഭോജി തലച്ചോറിൽ രണ്ട് മാസം വരെ ജീവിച്ചിരിക്കാമെന്ന് ഡോക്ടർമാർ പറഞ്ഞു.തെക്ക്കിഴക്കൻ ന്യൂ സൗത്ത് വെയിൽസ് സംസ്ഥാനത്തിലെ ഒരു തടാക പ്രദേശത്തിന് സമീപമാണ് ഇവർ താമസിച്ചിരുന്നത്. ഇവർ സുഖം പ്രാപിച്ച് വരുന്നു. മനുഷ്യ മസ്തിഷ്കത്തിൽ ലാർവകളുടെ ആക്രമണത്തിന്റെയും വികാസത്തിന്റെയും ആദ്യ ഉദാഹരണമാണ് ഈ കേസാണ് ഈ റിപ്പോർട്ട് ചെയ്യപ്പെട്ടതെന്ന് ഗവേഷകർ എമർജിംഗ് ഇൻഫെക്ഷ്യസ് ഡിസീസസ് ജേണലിൽ പറഞ്ഞു.



ന്യൂറോസർജന്റെ വാക്കുകൾ

സ്കാനിംഗിൽ വിചിത്രമായി കാണപ്പെട്ട തലച്ചോറിന്റെ ഭാഗത്ത് സ്പർശിച്ച് തുടങ്ങിയതെ ഉണ്ടായിരുന്നുള്ളൂ. 'ഞാൻ എന്റെ ടീസറുകൾ എടുത്ത് ഞാൻ അത് പുറത്തെടുത്തു. അത് നീങ്ങുന്നുണ്ടായിരുന്നു! 'എല്ലാവരും ഞെട്ടിപ്പോയി. ഞങ്ങൾ കണ്ടെത്തിയ പുഴു വളരെ ശക്തമായി നീങ്ങുന്നു,' പുഴുവിനെ കണ്ടെത്തിയ ന്യൂറോ സർജൻ പറഞ്ഞു.'ഒരു മനുഷ്യനിൽ ഇതുവരെ രേഖപ്പെടുത്തിയിട്ടില്ലാത്ത ഒരു പുതിയ അണുബാധയാണിത്.' രോഗങ്ങളും അണുബാധകളും മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്നതിന്റെ അപകടസാധ്യത ഈ കേസ് എടുത്തുകാണിക്കുന്നതായി ഗവേഷകർ മുന്നറിയിപ്പ് നൽകുന്നു.അവർ താമസിച്ചിരുന്ന തടാകത്തിനരികിൽ കാണപ്പെടുന്ന ഒരു തരം നാടൻ പുല്ലായ വാരിഗൽ ഗ്രീൻസ് ശേഖരിച്ചതിന് ശേഷമാണ് സ്ത്രീയെ ഇത് ബാധിച്ചതെന്ന് ശാസ്ത്രജ്ഞർ പറയുന്നു. ഈ പ്രദേശത്ത് കാർപെറ്റ് പൈത്തണിന്റെ സാന്നിധ്യം വളരെ കൂടുതലാണ്. പാമ്പിന്റെ വിസർജ്യവും പരാന്നഭോജികളുടെ മുട്ടയും ഉണ്ടായിരുന്ന സസ്യങ്ങൾ പാചകത്തിന് ഉപയോഗിച്ചതിലൂടെയാകാം ഇത് സ്ത്രീയുടെ ഉള്ളിലെത്തിയതെന്ന് സംശയിക്കുന്നു. 'മുൻ പരീക്ഷണ പഠനങ്ങളിൽ ആടുകൾ, നായ്ക്കൾ, പൂച്ചകൾ തുടങ്ങിയ വളർത്തുമൃഗങ്ങളിൽ ലാർവ വികസനം പ്രകടമാക്കിയിട്ടില്ല.

ജി 20 ഉച്ചകോടി: ചൈനീസ് പ്രസിഡന്റിനെതിരെ പ്രതിഷേധം ഉണ്ടാകുമെന്ന് ഇന്റലിജൻസ് മുന്നറിയിപ്പ്

ഡൽഹി: ജി 20 ഉച്ചകോടിയിൽ പങ്കെടുക്കാനെത്തുന്ന ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങിനെതിരെ പ്രതിഷേധം ഉണ്ടായേക്കുമെന്ന് ഇന്റലിജൻസ് മുന്നറിയിപ്പ്. ടിബറ്റൻ സ്വദേശികളുടെ പ്രതിഷേധമുണ്ടാവാനാണ് സാധ്യത എന്നും ഇന്റലിജൻസ് അറിയിച്ചു. പ്രതിഷേധക്കാരെ നേരിടാൻ പൊലീസ് സുരക്ഷാ ശക്തമാക്കിയിട്ടുണ്ട്.

അതിനിടെ ഇന്ത്യൻ പ്രദേശങ്ങൾ ഉൾപ്പെടുത്തിയ ചൈനയുടെ മാപ്പിനു പിന്നാലെ അതിർത്തിക്കടുത്ത നിർമാണങ്ങളും കേന്ദ്രത്തിനെ പ്രതിരോധത്തിലാക്കുന്നുണ്ട്.

ഷി ജിൻപിങിനെ കൂടാതെ ബംഗ്ലാദേശ് പ്രധാനമന്ത്രി ഷേഖ് ഹസീനയ്ക്ക് എതിരെയും പ്രതിഷേധം ഉണ്ടാവുമെന്ന മുന്നറിയിപ്പുണ്ട്. പ്രതിഷേധക്കാർ തങ്ങളെ പൊലീസുകാർക്ക് മാറ്റാൻ കഴിയാത്ത തരത്തിൽ തൂണിൽ ചങ്ങലയിൽ ബന്ധിച്ച രീതിയുള്ള പ്രതിഷേധം നടത്താനാണ് സാധ്യത എന്ന് ഇന്റലിജൻസ് അറിയിക്കുന്നു. ഇതിൻ പശ്ചാത്തലത്തിൽ പ്രതിഷേധക്കാരെ നേരിടാൻ പോലീസിന് കൂടുതൽ ഉപകരണങ്ങൾ നൽകും. ജി20 വേദികളിലെ മുൻകാല പ്രതിഷേധങ്ങളുടെ മാതൃകകൾ ഇന്റലിജൻസ് സമർപ്പിച്ചു.

പൗരന്റെ സ്വകാര്യ വിവരങ്ങൾ ചോർത്താൻ കേന്ദ്രം; ഏൽപിക്കുന്നത് ഇസ്റ്റാഈൽ ഏജൻസിയെ

ന്യൂഡൽഹി: രാജ്യത്തെ പൗരൻമാരുടെ സ്വകാര്യവിവരങ്ങൾ ചോർത്താനായി ഇസ്റാഈൽ ചാര ഉപകരണങ്ങൾ വാങ്ങാൻ കേന്ദ്രം ഒരുങ്ങുന്നു. ഇസ്റാഈൽ ചാര ഉപകരണ നിർമാതാക്കളായ കോഗ്നെറ്റ്, സെപ്റ്റീർ എന്നീ കമ്പനികളുടെ ഉപകരണങ്ങൾ വാങ്ങി പൗരൻമാരുടെ സ്വകാര്യ വിവരങ്ങൾ, ആശയവിനിമയങ്ങൾ, സ്വകാര്യ ചർച്ചകൾ, ഡിജിറ്റൽ വിവരങ്ങൾ എന്നിവ ചോർത്താനാണ് മോദി സർക്കാർ ശ്രമിക്കുന്നത്. ചോർത്തിയെടുക്കുന്ന വിവരങ്ങൾ പുറം കടലിൽ സ്ഥാപിച്ചിരിക്കുന്ന കേബിൾ ലാൻഡിങ് സ്റ്റേഷൻ വഴി ഇന്ത്യയുടെ ആഭ്യന്തര സുരക്ഷാ ഏജൻസികൾക്ക് ലഭ്യമാക്കാനാണ് സർക്കാർ ശ്രമമെന്നും ദേശീയ മാധ്യമമായ ഫിനാൻഷ്യൽ ടൈംസ് പറയുന്നു.

ഇന്ത്യയിൽ നിലവിലുള്ള നിയമപ്രകാരം നിരോധിക്കപ്പെട്ടതാണ് കോഗ്നെറ്റ്, സെപ്റ്റീർ പേലുള്ള ചാര ഉപകരണങ്ങൾ. എന്നാൽ ഇവ ഇന്ത്യയിലെ പ്രമുഖ ടെലികോം ദാതാക്കളായ ജിയോ, വോഡഫോൺ ഐഡിയ തുടങ്ങിയ കമ്പനികൾക്ക് നേരത്തെ വിൽപന നടത്തിയിരുന്നു. കോഗ്നെറ്റ് നേരത്തെ ഇന്ത്യയിൽ വിൽപന നടത്തിയതായും മാധ്യമപ്രവർത്തകരുടെയും രാഷ്ട്രീയ നേതാക്കളുടെയും വിവരങ്ങൾ ചോർത്താൻ അത് ഉപയോഗിച്ചതായും സമൂഹമാധ്യമമായ ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം എന്നിവയുടെ ഉടമകളായ 'മെറ്റ'യും ആരോപിച്ചിരുന്നു. അതീവ സുരക്ഷയിൽ കൈകാര്യം ചെയ്യേണ്ട വ്യക്തിഗത വിവരങ്ങളും തീർത്തും സ്വകാര്യമായ ആശയവിനിമയങ്ങളും ചോർത്തി നൽകുന്നത് അത്യന്തം ഗുരുതര വീഴ്ചയാണെന്ന് സുപ്രിം കോടതി ഉൾപ്പെടെ നേരത്തെ വ്യക്തമാക്കിട്ടുണ്ട്.

ടെലികോം, ഇന്റർനെറ്റ് സ്ഥാപനങ്ങളുടെ സഹായമില്ലാതെ തന്നെ വ്യക്തികളുടെയും വിവിധ സംഘടനകളുടെ സ്വകാര്യഗ്രൂപ്പുകളുടെയും ആശയവിനിമയങ്ങളും ചർച്ചകളും പകർത്താൻ കഴിയുന്ന അതിനൂതന സാങ്കേതിക വിദ്യയിലാണ് കോഗ്നെറ്റും സെപ്റ്റീറും പ്രവർത്തിക്കുന്നത്. ഇവരുടെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഇസ്റാഈലിലെ നിയമങ്ങൾക്ക് വിധേയമായാണ്. അതുകൊണ്ടുതന്നെ, അവർ മറ്റൊരു രാജ്യത്തിനോ സ്ഥാപനങ്ങൾക്കോ കരാർ മുഖേന വിൽപന നടത്തിയ ഉപകരണങ്ങളിലെ വിവരങ്ങൾ പേലും പകർത്താനുള്ള അധികാരം കമ്പനികൾക്കുണ്ടെന്നാണ് ഐ.ടി മേഖലയിലെ വിദഗ്ധർ ആശങ്കപ്പെടുന്നത്. ഇത്തരത്തിൽ വിവരങ്ങൾ ചോർന്നാൽ പരാതിപ്പെടാനോ നടപടി സ്വീകരിക്കാനോ ഇസ്റാഈൽ നിയമപ്രകാരം സാധിക്കില്ലെന്നതും കമ്പനികളുമായുള്ള സഹകരണം കൂടുതൽ സങ്കീർണമാക്കുന്നു.

പ്രതിവർഷം 10 ശതമാനം നിരക്കിൽ വളർച്ച നേടുന്ന, 3000 കോടി ഡോളർ ആസ്തിയുള്ള കമ്പനിയുടെ പ്രധാന വിപണന കേന്ദ്രങ്ങൾ ഏഷ്യാ പസഫിക് മേഖലയും അതിൽ തന്നെ ഇന്ത്യയുമാണെന്നാണ് കമ്പനി രേഖകൾ വ്യക്തമാക്കുന്നത്.

2019ൽ ഇസ്റാഈൽ ചാര ഉപകരണമായ പെഗാസസിന് ഇന്ത്യയിൽ പ്രവർത്തിക്കാനുള്ള അനുമതി നൽകിയെന്ന ആരോപണം ഏറെ രാഷ്ട്രീയ വിവാദങ്ങൾക്ക് വഴിവച്ചിരുന്നു. ഇന്ത്യയിൽ മാധ്യമ പ്രവർത്തകർ, വിവിധ രാഷ്ട്രീയ നേതാക്കൾ എന്നിവരുടെ ആശയവിനിമയങ്ങളും വിവരങ്ങളും ചോർത്താൻ ഇസ്റാഈലി ചാര ഉപകരണ കമ്പനിയായ പെഗാസസുമായി പ്രധാനമന്ത്രി നരേന്ദ്രമോദി 2017ൽ ഇസ്റാഈൽ സന്ദർശിച്ച വേളയിൽ ധാരണയുണ്ടാക്കിയെന്നതായിരുന്നു ആരോപണം. എന്നാൽ കേന്ദ്രസർക്കാർ ഇക്കാര്യം നിഷേധിച്ച് രംഗത്തുവന്നു. തുടർന്ന് പെഗാസസ് ഫോൺ ചോർത്തൽ അന്വേഷിക്കാൻ സുപ്രിം കോടതിയുടെ മേൽനോട്ടത്തിൽ വിദഗ്ധ സമിതിയെ നിയോഗിക്കുകയായിരുന്നു.

ആംബുലൻസ് ലഭിച്ചില്ല; ഒന്നരവയസുകാരൻറെ മൃതദേഹവുമായി 55 കിലോമീറ്ററോളം ബൈക്കിൽ സഞ്ചരിച്ച് പിതാവ്

റായ്പൂർ: പോസ്റ്റുമാർട്ടത്തിനെത്തിക്കാൻ ആംബുലൻസ് സൗകര്യമില്ലാത്തതിനെ തുടർന്ന് ഒന്നര വയസുള്ള മകൻറെ മൃതദേഹവുമായി 55 കിലോമീറ്ററോളം ബൈക്കിൽ യാത്ര ചെയ്ത് പിതാവ്. അർസേന ഗ്രാമത്തിലെ നിവാസിയായ ദർശ്റാം യാദവിൻറെ മകൻ അശ്വിൻ ആണ് മരണപ്പെട്ടത്. ഛത്തീസ്ഗഡിലെ കോർബയിൽ ആഗസ്റ്റ് 27നായിരുന്നു സംഭവം.

അമ്മ അകാസോ ബായിയുമായി അശ്വിൻ കുളത്തിൽ കുളിക്കാൻ പോയിരുന്നു. ഇതിനിടെ കുട്ടി വെള്ളത്തിലേക്ക് വഴുതി വീഴുകയായിരുന്നു. നാട്ടുകാരുടെ സഹായത്തോടെയാണ് കുട്ടിയുടെ മൃതദേഹം കണ്ടെത്തിയത്. മോർച്ചറി സൗകര്യം ലഭ്യമാകാത്തതിനെ തുടർന്ന് മൃതദേഹം കുടുംബം വീട്ടിൽ സൂക്ഷിച്ചു.

മൃതദേഹം പോസ്റ്റ്മാർട്ടത്തിനായി കോർബ മെഡിക്കൽ കോളേജിലേക്ക് മാറ്റാൻ പൊലീസ് നിർദേശിച്ചതോടെ കുടുംബം ആംബുലൻസ് വിളിച്ചെങ്കിലും സഹായിക്കാൻ ആരും എത്തിയില്ല. ഇതോടെ ദർശ്റാം മകൻറെ മൃതദേഹം പ്ലാസ്റ്റിക് കവറിൽ കെട്ടിയ ശേഷം ബൈക്കിൽ കോർബയിലേക്ക് പോകുകയായിരുന്നു.

ബാൽകോ, എൻ.ടി.പി.സി, സി.എസ്.പി.ഡി.സി.എൽ തുടങ്ങിയ പ്രമുഖ കമ്പനികളുടെ ആസ്ഥാനമായ ഛത്തീസ്ഗഡിലെ പ്രധാന പവർ ഹബ്ബായി അറിയപ്പെടുന്ന കോർബയിലാണ് ഈ സംഭവം നടന്നതെ

സഞ്ജു വരുമോ? ഇന്ത്യയുടെ ലോകകപ്പ് ടീം സെപ്റ്റംബർ മൂന്നിന്

ബെംഗളൂരു: ലോകകപ്പിനുള്ള ഇന്ത്യൻ ക്രിക്കറ്റ് ടീമിനെ സെപ്റ്റംബർ മൂന്നിന് പ്രഖ്യാപിച്ചേക്കുമെന്ന് റിപ്പോർട്ട്. 15 അംഗ താത്കാലിക സ്ക്വാഡിനെയാകും പ്രഖ്യാപിക്കുക. ഇന്ത്യാ ടുഡെയാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ടീമിനെ പ്രഖ്യാപിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ അഞ്ചാണ്. ഏഷ്യാ കപ്പിൽ ഇന്ത്യ - പാകിസ്താൻ മത്സരം കഴിഞ്ഞ് അടുത്ത ദിവസമാണ് ടീം പ്രഖ്യാപനം.സെപ്റ്റംബർ 28 വരെ ടീമിൽ മാറ്റംവരുത്താനാകും. ഇപ്പോൾ നടക്കുന്ന ഏഷ്യാ കപ്പിനു ശേഷം സെപ്റ്റംബർ 21 മുതൽ 27 വരെ ഓസ്ട്രേലിയയുമായി ഇന്ത്യയ്ക്ക് ഏകദിന പരമ്പരയുണ്ട്. പരമ്പരയിലെ പ്രകടനം ടീമിലെ മാറ്റത്തിൽ നിർണായകമാകും. കെ.എൽ രാഹുൽ പൂർണമായും കായികക്ഷമത കൈവരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടീമിൽ സ്റ്റാൻഡ് ബൈ താരങ്ങളുണ്ടാകാൻ സാധ്യതയുണ്ട്. ഒക്ടോബർ അഞ്ച് മുതൽ നവംബർ 19 വരെ ഇന്ത്യയിലാണ് ലോകകപ്പ്.ഏഷ്യാ കപ്പിനായി 17 അംഗ സ്ക്വാഡിനെയാണ് ഇന്ത്യ പ്രഖ്യാപിച്ചത്. ഇതിൽ ആദ്യ രണ്ട് മത്സരങ്ങൾക്ക് രാഹുൽ ഉണ്ടാകില്ലെന്ന് പരിശീലകൻ രാഹുൽ ദ്രാവിഡ് കഴിഞ്ഞ ദിവസം അറിയിച്ചിരുന്നു. ടൂർണമെന്റിനായി ഇന്ത്യൻ ടീം ശ്രീലങ്കയിൽ എത്തിയിട്ടുണ്ട്. ലോകകപ്പിനും ഏതാണ്ട് ഇതേ ടീമിനെ തന്നെയാകും പ്രഖ്യാപിക്കുക. സഞ്ജു സാംസൺ ലോകകപ്പ് ടീമിൽ ഉണ്ടാകുമോ എന്നതാണ് മലയാളികൾ കാത്തിരിക്കുന്നത്. ഏഷ്യാ കപ്പ് ടീമിൽ റിസർവ് താരമായി സഞ്ജുവിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.

സൂറിച്ച് ഡയമണ്ട് ലീഗിൽ നീരജ് ചോപ്രയും മലയാളി താരം എം. ശ്രീശങ്കറും ഇറങ്ങുന്നു; മത്സരം രാത്രി 11:55 ന്

സൂറിച്ച്: ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മെഡൽനേടിയ ജാവലിൻ ത്രോയിൽ ഇന്ത്യയുടെ അഭിമാനതാരം നീരജ് ചോപ്ര വീണ്ടും മത്സരത്തിലേക്ക്.

സ്വിറ്റ്സർലന്റിൽ വെച്ച് നടക്കുന്ന സൂറിച്ച് ഡയമണ്ട് ലീഗിൽ ജാവലിൻ ത്രോ താരം നീരജ് ചോപ്രയും ലോങ്ജമ്പിൽ മലയാളി താരം എം.ശ്രീശങ്കർ ഇന്നിറങ്ങും. രാത്രി 11:55നാണ് മത്സരം. ഈ സീസണിലെ ഡയമണ്ട് ലീഗിലെ പാരീസ്, ലൊസാന ചാമ്പ്യൻഷിപ്പുകളിൽ മൂന്ന്, അഞ്ച് സ്ഥാനങ്ങളിൽ എത്താൻ ശ്രീശങ്കറിനു കഴിഞ്ഞിരുന്നു.ഇത്തവണത്തെ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ശ്രീശങ്കർ മത്സരിച്ചിരുന്നെങ്കിലും ഫൈനൽ കാണാതെ പുറത്താകുകയിരുന്നു.

ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ സ്വർണം നേടിയ ആത്മവിശ്വാസത്തിലാണ് നീരജ് ഇന്നിറങ്ങുന്നത്.

നേപ്പാളിനെ തകർത്തെറിഞ്ഞു; ഏഷ്യാ കപ്പിന് വമ്പൻ ജയത്തോടെ തുടക്കമിട്ട് പാകിസ്താൻ

വിക്കറ്റ് നേട്ടം ആഘോഷിക്കുന്ന പാകിസ്താൻ ടീം

മുൾട്ടാൻ: വമ്പൻ ജയത്തോടെ ഏഷ്യാ കപ്പിന് തുടക്കമിട്ട് പാകിസ്താൻ. നേപ്പാളിനെ 238 റൺസിനാണ് പാക് പട തകർത്തുവിട്ടത്. പാകിസ്താൻ ഉയർത്തിയ 343 റൺസ് വിജയലക്ഷ്യം പിന്തുടർന്ന നേപ്പാൾ 23.4 ഓവറിൽ 104 റൺസിന് ഓൾഔട്ടായി. കൂറ്റൻ വിജയലക്ഷ്യത്തിനു മുന്നിൽ കാര്യമായ പോരാട്ടമൊന്നും കാഴ്ചവെയ്ക്കാതെ നേപ്പാൾ കീഴടങ്ങി. 46 പന്തിൽ നിന്ന് 28 റൺസെടുത്ത സോംപാൽ കാമിയാണ് നേപ്പാളിന്റെ ടോപ് സ്കോറർ. ആരിഫ് ഷെയ്ഖ് 38 പന്തിൽ നിന്ന് 26 റൺസെടുത്തു. ഇരുവരെയും കൂടാതെ ഗുൽസൻ ഝാ (13) മാത്രമാണ് രണ്ടക്കം കടന്നത്. ഏഴുപേർ രണ്ടക്കം കാണാതെ പുറത്തായി.27 റൺസിന് നാല് വിക്കറ്റ് വീഴ്ത്തിയ ഷദാബ് ഖാൻ ബൗളിങ്ങിൽ തിളങ്ങി. ഷഹീൻ അഫ്രീദിയും ഹാരിസ് റൗഫും രണ്ട് വിക്കറ്റ് വീതം വീഴ്ത്തി.നേരത്തേ ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത പാകിസ്താൻ നിശ്ചിത 50 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 342 റൺസെടുത്തിരുന്നു. മോശം തുടക്കത്തിൽ പതറിയ പാകിസ്താനെ അഞ്ചാം വിക്കറ്റിൽ ഒന്നിച്ച ബാബർ അസം - ഇഫ്തിഖർ അഹമ്മദ് സഖ്യമാണ് മികച്ച സ്കോറിലെത്തിച്ചത്. വെറും 131 പന്തിൽ നിന്ന് 214 റൺസാണ് ഇരുവരും ചേർന്ന് പാക് സ്കോറിലേക്ക് ചേർത്തത്. 19-ാം ഏകദിന സെഞ്ചുറി കുറിച്ച ബാബറാണ് പാക് ഇന്നിങ്സിലെ ടോപ് സ്കോറർ. 131 പന്തുകൾ നേരിട്ട താരം 14 ഫോറും നാല് സിക്സുമടക്കം 151 റൺസെടുത്തു. ഏഷ്യാ കപ്പ് ചരിത്രത്തിൽ 150 റൺസ് നേടുന്ന ആദ്യ ക്യാപ്റ്റനെന്ന റെക്കോഡും ബാബർ സ്വന്തമാക്കി.കന്നി ഏകദിന സെഞ്ചുറി കുറിച്ച ഇഫ്തിഖറായിരുന്നു കൂടുതൽ അപകടകാരി. വെറും 71 പന്തിൽ നിന്ന് 11 ഫോറും നാല് സിക്സുമുൾപ്പെടെ താരം 109 റൺസുമായി പുറത്താകാതെ നിന്നു. ഇന്നിങ്സിന്റെ തുടക്കത്തിൽ പാക് ബാറ്റിങ്നിരയെ പ്രതിരോധത്തിലാക്കാൻ സാധിച്ചെങ്കിലും ബാബർ - ഇഫ്തിഖർ സഖ്യം ക്രീസിൽ ഒന്നിച്ചതോടെ നേപ്പാളിന്റെ പിടിഅയഞ്ഞു. 50 പന്തിൽ നിന്ന് ആറ് ബൗണ്ടറിയടക്കം 44 റൺസെടുത്ത മുഹമ്മദ് റിസ്വാൻ റണ്ണൗട്ടാകുകയായിരുന്നു. ഫഖർ സമാൻ (14), ഇമാം ഉൾ ഹഖ് (5), അഗസൽമാൻ (5) എന്നിവർക്ക് ഭേദപ്പെട്ട പ്രകടനം നടത്താനായില്ല.

ഹാവൂ ആശ്വാസമായി... ഇത്തവണ നേരിട്ട് ബയേണിന്റെ മുമ്പിൽ ചെന്ന് പെടില്ല; യൂറോപ്യൻ മാമാങ്കത്തിന് കൊടിയേറുന്നു

2023-24 സീസണിനുള്ള യുവേഫ ചാമ്പ്യൻസ് ലീഗിനുള്ള ഗ്രൂപ്പുകളെ ഇന്നറിയാം. യൂറോപ്യൻ ഫുട്ബോളിലെ ഏറ്റവും പ്രസ്റ്റീജ്യസായ കിരീടപ്പോരാട്ടത്തിന്റെ ആദ്യ പടിയാണ് ഓഗസ്റ്റ് 31ന് ഗ്രിമാൽഡി ഫോറത്തിൽ നടക്കുക.

ഗ്രൂപ്പ് ഡ്രോക്കുള്ള 32 ടീമുകളും നാല് പോട്ടുകളും ഇതിനോടകം തന്നെ തയ്യാറായിക്കഴിഞ്ഞു. ഓരോ ലീഗിലെയും ഒന്നാം സ്ഥാനക്കാരും യൂറോപ്പ ടോപ് ടീമും ഉൾക്കൊള്ളുന്ന പോട്ട് ഒന്ന് കണ്ടാണ് ബാഴ്സ ആരാധകർ ദീർഘ നിശ്വാസം വിടുന്നത്. ബുണ്ടസ് ലീഗ ചാമ്പ്യൻമാരായ ബയേൺ മ്യൂണിക്കും ലാലിഗ ചാമ്പ്യൻമാരായ തങ്ങളും ഒരേ പോട്ടിൽ വരുന്നതിനാൽ ഇരുവരും ഒരു ഗ്രൂപ്പിൽ ഉൾപ്പെടില്ല എന്ന കാര്യം ഉറപ്പായിരിക്കുകയാണ്.

അതിനാൽ തന്നെ ആദ്യ ഘട്ട മത്സരങ്ങളിൽ ഇരുവർക്കും നേർക്കുനേർ വരേണ്ടി വരില്ല.

2022 ഒക്ടോബർ 22ന് ചാമ്പ്യൻസ് ലീഗിന്റെ ഗ്രൂപ്പ് ഘട്ട മത്സരത്തിൽ ക്യാമ്പ് നൗവിൽ വെച്ചാണ് ഇരുവരും അവസാനമായി ഏറ്റുമുട്ടിയത്.

മത്സരത്തിൽ എതിരില്ലാത്ത മൂന്ന് ഗോളിനായിരുന്നു ബാഴ്സയുടെ പരാജയം. ലീഗിൽ ബയേണിന്റെ ഹോം സ്റ്റേഡിയമായ അലയൻസ് അരീനയിൽ നടന്ന ഒന്നാം പാദ മത്സരത്തിലും ബാഴ്സക്ക് തോൽവി വഴങ്ങേണ്ടി വന്നിരുന്നു.

എതിരില്ലാത്ത രണ്ട് ഗോളിനാണ് അന്ന് ജർമൻ ജയന്റ്സ് കറ്റാലൻമാരെ തകർത്തെറിഞ്ഞത്. ഇതിന് മുമ്പും ബയേൺ ബാഴ്സ മത്സരങ്ങൾ ഒരിക്കലും സ്പാനിഷ് വമ്പൻമാരെ തുണച്ചിരുന്നില്ല. ബയേണിനോടെറ്റ 8-2ന്റെ തോൽവി എന്നും ബാഴ്സയുടെ പ്രോഗസ് കാർഡിൽ ബ്ലാക്ക് മാർക്കായി അവശേഷിച്ചിരുന്നു.

13 മത്സരങ്ങളിലാണ് ഇരു ടീമുകളും നേർക്കുനേർ വന്നത്. ഇതിൽ പത്തിലും ബയേൺ വിജയിച്ചപ്പോൾ രണ്ടേ രണ്ട് മത്സരത്തിലാണ് കറ്റാലൻമാർക്ക് വിജയിക്കാൻ സാധിച്ചത്. ഒരു മത്സരം സമനിലയിൽ കലാശിക്കുകയും ചെയ്തു. ഈ 13 മത്സരത്തിൽ നിന്നുമായി ബയേൺ 33 ഗോളടിച്ചപ്പോൾ 13 ഗോളായിരുന്നു ബാഴ്സക്ക് നേടാൻ സാധിച്ചത്.

ചാമ്പ്യൻസ് ലീഗിന്റെ പുതിയ സീസണിൽ ഗ്രൂപ്പ് സ്റ്റേജിൽ നേർക്കുനേർ മുട്ടേണ്ടി വരില്ലെങ്കിലും നോക്ക് ഔട്ട് ഘട്ടത്തിൽ ബയേണുമായി ബാഴ്സക്ക് മുട്ടേണ്ടി വന്നേക്കാം. അന്ന് കറ്റാലൻമാർ പകരംവീട്ടുമെന്ന് തന്നെയാണ് ആരാധകർ ഉറച്ചുവിശ്വസിക്കുന്നത്.

മെസ്സിയെയും മയാമിയെയും പൂട്ടി നാഷ്വിൽ

ന്യൂയോർക്ക്: ലയണൽ മെസ്സിക്കൊപ്പം ചേർന്ന ഇന്റർ മയാമിക്ക് ജയമില്ലാത്ത ആദ്യകളി. ലീഗ്സ് കപ്പ് ഫൈനലിനു പിന്നാലെ മേജർ ലീഗ് സോക്കറിൽ നാഷിലുമായി ഏറ്റുമുട്ടിയ മയാമിക്കാർ ഗോൾരഹിത സമനിലയിൽ പിരിഞ്ഞു.

മെസ്സി അണിയിലെത്തിയ ശേഷം ഇതാദ്യമാണ് ഒരു മത്സരത്തിൽ മയാമിക്ക് വലകുലുക്കാനാവാതെ പോകുന്നത്.മത്സരത്തിൽ മെസ്സിക്ക് രണ്ടു ഫ്രീകിക്ക് അവസരങ്ങൾ ലഭിച്ചെങ്കിലും ഗോളാക്കാൻ കഴിഞ്ഞില്ല.

ഇഞ്ചുറി ടൈമിൽ നാലു നാഷിൽ കളിക്കാരെ വകഞ്ഞുമാറ്റി മുന്നേറി മെസ്സി തൊടുത്ത ഷോട്ട് ഗോളി എലിയറ്റ് പാനിക്കോ അതീവശ്രമകരമായി തട്ടിയകറ്റുകയായിരുന്നു. ഇന്റർ മയാമിയിലേക്ക് ചേക്കേറിയ ശേഷം മെസ്സിക്ക് വല കുലുക്കാൻ കഴിയാതെ പോയ ആദ്യ മത്സരമായി അതു മാറി. സമനില വഴി ഒരു പോയന്റ് ലഭിച്ച മയാമി പ്ലേഓഫ് സാധ്യതകൾ സജീവമാക്കി. ലീഗിൽ 14-ാം സ്ഥാനത്തുനിന്ന് ഒമ്പതാം സ്ഥാനത്തേക്ക് കയറിയെത്തിയാൽ മയാമിക്ക് പ്ലേഓഫ് കളിക്കാനാകും. ലീഗ്സ് കപ്പ് ഫൈനലും യു.എസ്. ഓപൺ കപ്പ് സെമിഫൈനലും അടക്കം മെസ്സി ഉൾപ്പെട്ട മയാമി കളിച്ച ഒമ്പതു മത്സരങ്ങളും ജയിച്ച ശേഷമാണ് സ്വന്തം ഗ്രൗണ്ടിൽ നാഷിലിനെ നേരിടാനിറങ്ങിയത്. കളിച്ച ഒമ്പതു മത്സരങ്ങളിൽ 10 ഗോളുകൾ മെസ്സി സ്കോർ ചെയ്തിരുന്നു.

എന്റെ മാതാപിതാക്കൾ ഇരു മതവിഭാഗത്തിൽപ്പെട്ടവരാണ് ; എല്ലാ ജാതിമത വിഭാഗക്കാരേയും ഒരുപോലെയാണ് കണ്ടത്: നദിയ മൊയ്തു

മലയാള സിനിമയുടെ എവർഗ്രീൻ നായികയെന്ന് നദിയ മൊയ്തുവിനെ വിശേഷിപ്പിക്കാം. നോക്കെത്താ ദൂരത്ത് കണ്ണും നട്ട് എന്ന ചിത്രത്തിലൂടെ മലയാളത്തിന്റെ വെള്ളിത്തിരയിലെത്തിയ ഗേളിയോട് മലയാളികൾക്ക് ഇന്നും ഒരിഷ്ടക്കൂടുതലുണ്ട്. വലിയൊരു ഇടവേളയ്ക്ക് ശേഷം മലയാളത്തിലേക്ക് തിരിച്ചെത്തിയപ്പോഴും പണ്ടത്തെ അതേ സ്നേഹത്തോടെയാണ് ആരാധകർ നദിയയെ സ്വീകരിച്ചത്. സിനിമയിലേക്കുള്ള തന്റെ വരവിനെ കുറിച്ചും കുടുംബത്തിൽ നിന്നും തനിക്ക് കിട്ടിയ പിന്തുണയെ കുറിച്ചുമൊക്കെ സംസാരിക്കുകയാണ് മലയാളമനോരമ വാർഷികപ്പതിപ്പിന് നൽകിയ അഭിമുഖത്തിൽ നദിയ.'കോളേജിൽ പഠിക്കുമ്പോൾ തന്നെ മോഡലിങ് ചെയ്യാൻ എനിക്ക് അവസരം ലഭിച്ചിരുന്നു. കോളേജിലെ ഫോട്ടോഗ്രഫി ഡിപാർട്മെന്റിൽ കുട്ടികളുടെ സ്ഥിരം മോഡലും ഞാനായിരുന്നു. പ്രൊഫഷണൽ മോഡലിങ്ങിലേക്ക് പലരും ക്ഷണിച്ചെങ്കിലും പോയില്ല. കുടുംബത്തിന്റേയോ സമൂഹത്തിന്റെയോ വിലക്കൊന്നും ഉണ്ടായിട്ടല്ല.എല്ലാവർക്കും അറിയാം എന്റെ മാതാപിതാക്കൾ ഇരു മതവിഭാഗങ്ങളിൽപ്പെട്ടവരാണെന്ന്. അതുകൊണ്ട് തന്നെ എല്ലാ ജാതിമത വിഭാഗങ്ങളേയും ഒരുപോലെയാണ് കണ്ടിരുന്നതും,' നദിയ മൊയ്തു പറഞ്ഞു.നോക്കെത്താ ദൂരത്ത് കണ്ണുംനട്ട് എന്ന സിനിമ തനിക്ക് ലഭിച്ചത് സംവിധായകൻ ഫാസിലിന്റെ സഹോദരൻ ഖായീസ് വഴിയാണെന്നും നദിയ പറഞ്ഞു. അദ്ദേഹമാണ് എന്നെ കുറിച്ച് ഫാസിലിനോട് പറയുന്നത്.

ആ സിനിമയ്ക്ക് പിന്നിലുള്ള എല്ലാവരേയും വീട്ടിൽ എല്ലാവർക്കും അറിയാമെന്നുള്ളതുകൊണ്ടാണ് ആ സിനിമ ചെയ്യാൻ തീരുമാനിച്ചത്. പിന്നാലെ ഫാസിൽ വന്ന് കഥ പറഞ്ഞു. 18 വയസുമാത്രമായിരുന്നു അന്ന് എന്റെ പ്രായം, നദിയ പറയുന്നു.നോക്കെത്താ ദൂരത്ത് കണ്ണുംനട്ട് കഴിഞ്ഞ് പിന്നീടും നിരവധി സിനിമകൾ തന്നെ തേടിയെത്തിയെങ്കിലും ചെയ്തില്ലെന്നും വീണ്ടും നാല് മാസക്കാലത്തോളം കോളേജിൽ പോയെന്നും എന്നാൽ സിനിമയിൽ നിന്നും തുടരെ വിളികൾ എത്തിയതോടെ ഇതാണ് തന്റെ വഴിയെന്ന് തിരിച്ചറിയുകയായിരുന്നെന്നും താരം അഭിമുഖത്തിൽ പറഞ്ഞു.

'ഡയലോഗ് കടമെടുത്തിട്ടുണ്ടെന്ന് പെപ്പെ, ഇടിയിൽ നോ കോംപ്രമൈസെന്ന് ടൊവി'; തല്ലുമാലയും ആർ.ഡി.എക്സും നേർക്കുനേർ

ഓണം റിലീസായി എത്തിയ ചിത്രങ്ങളിൽ മികച്ച പ്രേക്ഷക പ്രതികരണവുമായി തിയേറ്റർ അടക്കിഭരിക്കുകയാണ് നഹാസ് ഹദായത്തിന്റെ സംവിധാനത്തിൽ ഒരുങ്ങിയ ആർ.ഡി.എക്സ്. ചിത്രത്തെക്കുറിച്ചുള്ള ഓരോ ചർച്ചയും സോഷ്യൽ മീഡിയയും ആഘോഷമാക്കുന്നണ്ട്. യാതൊരു അവകാശവാദവുമില്ലാതെ തിയേറ്ററിലെത്തിയ ആർ.ഡി.എക്സിൽ ഷെയ്ൻ നിഗവും പെപ്പെയും നീരജ് മാധവുമൊക്കെ തകർത്തുവെന്നാണ് പ്രേക്ഷകർ പറയുന്നത്.സിനിമയിലെ താരങ്ങളും ചിത്രവുമായി ബന്ധപ്പെട്ട പോസ്റ്റുകൾ അവരുടെ സോഷ്യൽ മീഡിയ പേജുകളിൽ പങ്കുവെക്കുന്നുണ്ട്. ഇപ്പോഴിതാ ആന്റണി വർഗീസ് പെപ്പെ ഇൻസ്റ്റഗ്രാമിലിട്ട് ഒരു പോസ്റ്റും അതിന് ടൊവിനോ തോമസ് നൽകിയ മറുപടിയുമാണ് ആരാധകർ ഏറ്റെടുത്തിരിക്കുന്നത്.

അങ്കമാലി ഡയറീസ് മുതൽ ആർ.ഡി.എക്സ് വരെയുള്ള തന്റെ 'ഇടിപ്പടങ്ങളെ' ടൊവിനോ ചിത്രം തല്ലുമാലയുടെ ഡയലോഗിനോട് അനുകരിച്ചാണ് പെപ്പയുടെ പോസ്റ്റ്. 'ഇടികൾ പലവിധം, അങ്കമാലിയിൽ മാർക്കറ്റിൽ ഇടി. സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ ജയിലിൽ ഇടി. ജല്ലിക്കട്ടിൽ ഏലത്തോട്ടത്തിൽ ഇടി. അജഗജാന്തരത്തിൽ ഉത്സവത്തിനടി. ആർ.ഡി.എക്സിൽ ഇടിയോടി,' എന്നാണ് ആന്റണി വർഗീസ് ഇൻസ്റ്റഗ്രാമിൽ എഴുതിയത്.ഇതിന് താഴെ ടൊവിനോ തോമസിനെ മെൻഷൻ ചെയ്ത്, ബ്രോ ഡയലോഗ് ചെറുതായിട്ടൊന്ന് കടമെടുത്തിട്ടുണ്ടെന്നും താരം പറയുന്നുണ്ട്. ഇതിന് മറുപടിയായി Hahah ! Congratulations bro, ഇടിയിൽ നോ കോംപ്രമൈസെന്നാണ് ടൊവിനോ കമന്റ് ചെയ്തത്.അതേസമയം, ആർ.ഡി.എക്സ് കേരളത്തിന് പുറത്തും ചർച്ചയാകുന്നുണ്ട്. ചിത്രത്തിന് അഭിനന്ദനങ്ങളുമായി നടനും തമിഴ്നാട് യുവജനക്ഷേമ വകുപ്പ് മന്ത്രിയുമായ ഉദയനിധി സ്റ്റാലിനും രംഗത്തെത്തിയിരുന്നു.

ഇന്ത്യയിലെ ഏറ്റവും മികച്ച മാർഷ്യൽ ആർട്സ്/ ആക്ഷൻ ചിത്രമാണ് ആർ.ഡി.എക്സെന്നും തിയേറ്ററിൽ പോയി കണ്ട് ഈ ചിത്രത്തെ പിന്തുണക്കണമെന്നുമാണ് ഉദയനിധി സോഷ്യൽ മീഡിയയിൽ കുറിച്ചത്.

'ആദ്യമായാണ് ഒരു ഗോൾ 10 തവണ ആവർത്തിച്ച് കാണുന്നത്' മെസിയെ വാനോളം പുകഴ്ത്തി കോച്ച്

നീണ്ട ഇടവേളക്ക് ശേഷമാണ് മേജർ ലീഗ് സോക്കറിൽ ഇൻറർ മയാമി വിജയവഴിയിൽ തിരിച്ചെത്തിയത്. ന്യൂയോർക്ക് റെഡ്ബുൾസിനെ എതിരില്ലാത്ത രണ്ട് ഗോളിനാണ് മയാമി തകർത്തത്. മയാമിക്കായി പകരക്കാരനായിറങ്ങിയ സൂപ്പർ താരം ലയണൽ മെസി ഈ മത്സരത്തിലും വലകുലുക്കി. 89 ാം മിനിറ്റിലാണ് മെസിയുടെ വണ്ടർ ഗോൾ പിറന്നത്.ബാഴ്സലോണയിൽ മെസിയുടെ സഹതാരമായിരുന്ന സെർജിയോ ബുസ്കറ്റ്സ് ആണ് ഗോളിന് തുടക്കമിടുന്നത്. ബുസ്കറ്റസ് ബോക്സിലേക്ക് നൽകിയ പന്ത് അക്രോബാറ്റിക് ഡ്രൈവിലൂടെ മെസിയിലേക്ക് മറിച്ചത് ജോർഡി ആൽബ. പന്ത് ബോക്സിലേക്ക് തൊടുക്കാൻ പാകപ്പെടുത്തുന്നതിനിടെ റെഡ്ബുൾ പ്രതിരോധം മെസിയെ വളയുന്നു.എന്നാൽ ഡിഫൻഡർമാർക്കിടയിലൂടെ ആരും കാണാത്തൊരു വിടവ് കണ്ടെത്തി മെസി പന്ത് നീക്കി.

പന്തിലേക്ക് സഹതാരം ബെഞ്ചമിൻ ക്രമാച്ചിയുടെ മുന്നേറ്റം . ബെഞ്ചമിൻ ഷോട്ട് ഉതിർക്കുമെന്ന് കരുതിയവർക്ക് തെറ്റി. താരം മെസിക്ക് തന്നെ പന്ത് മറിക്കുന്നു. ബെഞ്ചമിന്റെ നീക്കം മുന്നിൽകണ്ടുള്ള മെസിയുടെ പെർഫക്ട് റൺ ബോക്സിനടുത്തേക്ക്. ഈ സമയം മെസിയെ മാർക്ക് ചെയ്യാൻ റെഡ്ബുൾ താരങ്ങളാരും ഉണ്ടായിരുന്നില്ല. മെസിയുടെ അതിസുന്ദര ഫിനിഷിങിൽ പന്ത് പോസ്റ്റിന്റെ വലത് മൂലയിൽ. മയാമി ജയമുറപ്പിച്ചു. ഇൻറർ മയാമിയിൽ ചേർന്നതിന് ശേഷം മെസിയുടെ പതിനൊന്നാമത് ഗോളായിരുന്നു അത്.ഈ ഗോളിനെ വാനോളം പുകഴ്ത്തി രംഗത്തെത്തിയിരിക്കുകയാണ് ഇപ്പോൾ ഇൻറർ മയാമി പരിശീലകൻ ടാറ്റ മാർട്ടിനോ. ജീവിതത്തിൽ ആദ്യമായാണ് താൻ ഒരു ഗോൾ പത്ത് തവണ ആവർത്തിച്ച് കാണുന്നത് എന്ന് മാർട്ടിനോ പറഞ്ഞു."ജീവിതത്തിൽ ആദ്യമായാണ് ഞാൻ ഒരു ഗോൾ പത്ത് തവണ ആവർത്തിച്ച് കാണുന്നത്. മെസി ക്രെമാച്ചിക്ക് ആ പാസ് നൽകിയത് എങ്ങനെയാണ് എന്നും അത് തിരിച്ച് വാങ്ങി ഗോളാക്കിയത് എങ്ങനെയാണ് എന്നും എനിക്കെത്ര ആലോചിച്ചിട്ടും മനസ്സിലാവുന്നില്ല"- മാർട്ടിനോ പറഞ്ഞു.

'പണം കിട്ടിയില്ലെന്ന് എവിടെയും പറഞ്ഞിട്ടില്ല' ജയസൂര്യ പറഞ്ഞത് കർഷകരുടെ വികാരം; പ്രതികരണവുമായി കൃഷ്ണപ്രസാദ്

കോട്ടയം: തനിക്ക് നെല്ലിന്റെ പണം കിട്ടിയെന്ന് നടനും കർഷകനുമായ കൃഷ്ണപ്രസാദ്. പണം കിട്ടിയില്ലെന്ന് താൻ എവിടെയും പറഞ്ഞിട്ടില്ല. എന്നാൽ പണം കിട്ടാത്ത നിരവധി കർഷകരുണ്ട്. അവർക്കുവേണ്ടിയാണ് താൻ സമരത്തിന് ഇറങ്ങിയത്. നടൻ ജയസൂര്യ പറഞ്ഞത് കർഷകരുടെ വികാരമാണെന്നും കൃഷ്ണപ്രസാദ് പറഞ്ഞു. 'ജയസൂര്യക്ക് എന്റെ പേരാണ് പരിചയമുള്ളത്. അതുകൊണ്ടാണ് ജയസൂര്യ എന്റെ പേരു പറഞ്ഞത്. ആയിരക്കണക്കിന് കർഷകരുടെ പേരു മുഴുവൻ ജയസൂര്യക്ക് അറിയില്ല. എന്റെ പേര് പരാമർശിച്ചതാണോ ഇപ്പോൾ മഹാപാതകമായി മാറിയിരിക്കുന്നത്?. എനിക്ക് വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടുണ്ട്.എന്നാൽ എന്റെ രാഷ്ട്രീയം അല്ല ഇവിടുത്തെ വിഷയമെന്നും കൃഷ്ണപ്രസാദ് പറഞ്ഞു. ജയസൂര്യ രണ്ടു മന്ത്രിമാരുടെ മുന്നിൽ വെച്ചു പറഞ്ഞപ്പോൾ ജനശ്രദ്ധയിലേക്ക് വന്നു. അതും കൃഷി മന്ത്രിയുടെയും വ്യവസായ മന്ത്രിയുടേയും സാന്നിധ്യത്തിലാണ് ജയസൂര്യ പറഞ്ഞത്. അല്ലാതെ വേറെ എവിടെയെങ്കിലും പോയി പറയുകയല്ല ചെയ്തത്. മുമ്പ് കൃഷിക്കാർ എത്ര നിവേദനം നൽകി. എത്രപേർ അറിഞ്ഞു. പലതും ചവറ്റുകൊട്ടയിലേക്ക് തള്ളപ്പെടുകയാണ് ചെയ്തത്. ആയിരക്കണക്കിന്, പതിനായിരക്കണക്കിന് കർഷകർ പണം ചോദിക്കുമ്പോൾ കൃഷ്ണപ്രസാദിന് പൈസ നൽകി എന്നു മന്ത്രിമാർ പറയുന്നു. 'എനിക്കു പൈസ തന്നു എന്നതല്ല പ്രധാന കാര്യം. എനിക്ക് പൈസ തന്നതിന്റെ റസീപ്റ്റ് എടുക്കാൻ കാണിച്ച ആ ആർജവം, പാവം പിടിച്ച പണം ലഭിക്കാനുള്ള 25,000 ഓളം കർഷരോട് കാണിച്ചിരുന്നെങ്കിൽ അവർ രക്ഷപ്പെട്ടേനെ'യെന്ന് കൃഷ്ണപ്രസാദ് പറഞ്ഞു. പലക്ഷക്കണക്കിന് ആളുകൾ കൃഷി ചെയ്യുന്നിടത്ത്, പതിനായിരക്കണക്കിന് പേർക്ക് പണം ലഭിച്ചപ്പോൾ അതിലൊരാളാണ് താനും. ആ പണം എങ്ങനെ ലഭിച്ചു എന്നതും കണക്കിലെടുക്കണം. കൊടുത്ത നെല്ലിന്റെ പണമായിട്ടല്ല, ബാങ്കിൽ ലോണായിട്ടാണ് പണം ലഭിച്ചത്. ജൂലൈയിലാണ് തനിക്ക് പണം ലഭിച്ചത്. മുമ്പ് ഒന്നു രണ്ട് ആഴ്ചക്കുള്ളിൽ ലഭിച്ചിരുന്നതാണ് ഇപ്പോൾ അഞ്ച്-ആറുമാസമായിട്ടും കർഷകർക്ക് കിട്ടാത്തത്.

പണം കിട്ടാത്ത കർഷകർക്കു വേണ്ടി പറഞ്ഞുപോയി എന്നതാണോ താൻ ചെയ്ത തെറ്റെന്ന് കൃഷ്ണപ്രസാദ് ചോദിച്ചു. ബിഷപ്പ് അടക്കം വന്നു സമരം നടത്തിയത് തനിക്കുവേണ്ടിയല്ല, കുട്ടനാട്ടെയും പാലക്കാട്ടെയും അടക്കം സംസ്ഥാനത്ത് അങ്ങോളമിങ്ങോളമുള്ള കർഷകർക്കു വേണ്ടിയാണ്. കർഷകരെ കടബാധ്യതയിൽപ്പെടുത്തി ആത്മഹത്യയിലേക്ക് കൊണ്ടുപോയിട്ട്, റീത്ത് വെക്കാൻ പോയിട്ടു കാര്യമുണ്ടോയെന്നും കൃഷ്ണപ്രസാദ് ചോദിക്കുന്നു.

കർഷക സമിതിയിൽ ഏറ്റവും കൂടുതൽ ഉള്ളത് ഇടതുപക്ഷക്കാരാണ്. കൃഷി ചെയ്യുന്നത് ഏറ്റവും കൂടുതലുള്ളതും ഇടതുപക്ഷക്കാരാണ്. കൃഷിക്കാർക്ക് ഏറ്റവും കൂടുതൽ സഹായം ചെയ്തിട്ടുള്ളതും ഇടതുപക്ഷ സർക്കാരുകളായിരുന്നു. എന്നാൽ അതൊന്നും ഇപ്പോൾ ലഭിക്കാത്തതുകൊണ്ടാണ് ഇടതുപക്ഷക്കാരായ കർഷകർ ഉൾപ്പെടെ സമരത്തിന് ഒപ്പം നിൽക്കുന്നത്. അവരുടെ വേദനയെങ്കിലും എന്തുകൊണ്ട് മനസ്സിലാക്കുന്നില്ല എന്ന് കൃഷ്ണപ്രസാദ് ചോദിച്ചു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.